കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## നിലമ്പൂർ നഗരസഭ

**2018-19**

## ഓഡിറ്റ് റിപ്പോർട്ട്
## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

**e-mail: dompm.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.21/ 441/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
തീയതി :24-04-2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
**നിലമ്പൂർ** നഗരസഭ

സർ,

വിഷയം :നിലമ്പൂർ നഗരസഭയുടെ – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

എം.എ.5/2020

നം.കെ.എസ്.എ.എം.പി.എം.21/441/2020 തിയ്യതി:24-04-2020

**<u>മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

**(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 11/11/2018 മുതൽ 05/02/2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീഎ.എസ്. ഷാജഹാൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 06.02.2020 മുതൽ 24-02-2020 വരെ

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | |
|---|---|
| ശ്രീ. ടി.പി.അബ്ദുൾ ജലീൽ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| ശ്രീ. പി.സക്കീർ ഹുസൈൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. രാമകൃഷ്ണൻ ടി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. അമീൻ ഫൈസൽ.ടി.ടി | ഓഡിറ്റർ |
| ശ്രീമതി. സുജാത.എം | ഓഡിറ്റർ |

**<u>ബി ) നിർവഹണാധികാരികൾ</u>**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി. പത്മിനി ഗോപിനാഥ് | 01.04.2018 മുതൽ 31.03.2019 വരെ |

**സെക്രട്ടറി**

| | |
|---|---|
| ശ്രീ.ആകാശ് എം എസ് | 01.04.2018 മുതൽ 31.03.19വരെ |

**മറ്റു നിർവഹണ ഉദ്യോഗസ്ഥർ.**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.പ്രതാപ് പി .കെ | 01.04.2018 മുതൽ 10.07.2018 (FN)വരെ |
| | ഡോ.ഡി രാമചന്ദ്രൻ | 10.07.2018 (AN) മുതൽ 23.08.2018 (FN)വരെ |
| | ഡോ.പി.എം.ജയേ്ക്കാ | 23.08.2018 (AN) മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. സി ഹമീദ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഷഹ്നാസ് ബീഗം | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.മുഹമ്മദാലി.പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.വി.ജി.അജികുമാർ | 01.04.2018 മുതൽ 12.07.2018(FN) വരെ |
| | ഡോ.ഹബീബ.പി.കെ | 12.07.2018(AN) മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഷക്കീല വി | 01.04.2018 മുതൽ 31.10.2018 (FN)വരെ |
| | ശ്രീമതി.അനു.ആർ | 31.10.2018(AN) മുതൽ 19.11.2018 (FN)വരെ |
| | ശ്രീ.ജോർജ്ജ്സ്വീറ്റ് | 19.11.2018(AN) മുതൽ 31.03.2019 വരെ |
| | ഡോ.ജോമാൻ ജോസഫ് | 01.04.2018 |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡാനിയേൽ | മുതൽ 09.11.2018 (FN)വരെ |
| | ഡോ.ബീന.എസ് | 09.11.2018 (AN) മുതൽ 07.01.2019 (FN)വരെ |
| | ഡോ.ജിജോ.എ.പി | 07.01.2019 (AN) 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.അബ്ദുറഊഫ് പി (ഹെഡ്മാസ്റ്റർ, ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ) | 01.04.2018 മുതൽ 30.05.2018 വരെ |
| | ശ്രീ.പ്രസാദ്.പി.പി (ഹെഡ്മാസ്റ്റർ, ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ) | 22.09.2018 മുതൽ 31.03.2019 വരെ |
| | ശ്രീ.ജോർജ്ജ് പി വർഗ്ഗീസ് (ഹെഡ്മാസ്റ്റർ, ജി.എം.എൽ.പി.എസ് നിലമ്പൂർ) | 01.06.2018 മുതൽ 21.09.2018 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | ശ്രീ. മുകുന്ദൻ എം കെ | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രോജക്റ്റ് ഓഫീസർ | ശ്രീ. അബ്ദുൾഹമീദ് കെ | 01.04.2018 മുതൽ 31.03.2019 വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നം | ഖണ്ഡിക നം | വിഷയം |
|---|---|---|
| | | **ഭാഗം-1 പൊതു അവലോകനം** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| | | |

| | | |
|---|---|---|
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | വസ്തു നികുതി ബാക്ക് അസസ്മെന്റ് നടത്തിയില്ല_ 164396/- രൂപയുടെ നഷ്ടം. |
| 13 | 1-13 | അനധികൃത നിർമ്മാണം_ വസ്തു നികുതി ഇനത്തിൽ 1432920/- രൂപയുടെ നഷ്ടം. |
| 14 | 1-14 | ക്രമ വിരുദ്ധമായി വസ്തു നികുതിയിൽ കുറവ് അനുവദിച്ചു. |
| 15 | 1-15 | ഡ്രയിനേജ് സൈഡ് കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 184488/-രൂപ. |
| 16 | 1-16 | സംശയാസ്പദമായ പ്രവൃത്തിക്ക് തുക അനുവദിച്ചു. |
| 17 | 1-17 | കരാറുകാരന് അധികത്തുക അനുവദിച്ചു. |
| 18 | 1-18 | TOP BELTകോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു.നഷ്ടം 15720/-രൂപ. |
| 19 | 1-19 | പ്രവൃത്തി വൈകിപൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല. നഷ്ടം 931848 രൂപ |
| 20 | 1-20 | ആസ്തി സംബന്ധിച്ച വിശദാംശം പ്രോജക്ടിൽ രേഖപ്പെടുത്തുന്നില്ല. |
| 21 | 1-21 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില നഗരസഭയുടെ തനത് ഫണ്ടിലേക്ക് മാറ്റിയിട്ടില്ല. |
| 22 | 1-22 | പൊതുമരാമത്ത് പ്രവൃത്തി: നിയമപരമായ പെർഫോമൻസ് ഗ്യാരന്റി ലഭ്യമാക്കുന്നില്ല. |
| 23 | 1-23 | ഖരമാലിന്യ സംസ്കരണം. ഗതിവേഗമില്ലാത്ത പ്രവർത്തനങ്ങൾ |
| 24 | 1-24 | കുടിവെള്ള പ്രോജക്ട്. ഭാഗികമായി പ്രവൃത്തി ചെയ്തു. |
| 25 | 1-25 | നിർഭയ പദ്ധതി ,ക്രൈസിസ് ഹെൽപ്പ് ഡെസ്ക്. ലക്ഷ്യം കാണാതെ ഉപേക്ഷിച്ചു. |
| 26 | 1-26 | തുക നേരിട്ട് ചെലവഴിക്കുന്നു. |
| 27 | 1-27 | കിണർ നിർമാണം . ഭൂമി നഗരസഭയുടെ ആസ്തിയാണോ എന്ന് ഉറപ്പുവരുത്തിയില്ല |
| 28 | 1-28 | വൈദ്യുതി ബോർഡ് ഡെപ്പോസിറ്റ്- പ്രവൃത്തി പൂർത്തിയായില്ല |
| 29 | 1-29 | പൊതു ടാപ്പുകൾ - ഡിമാന്റ് നോട്ടീസിൽ ഭീമമായ കുടിശിക |
| 30 | 1-30 | ഷോപ്പിങ്ങ് മാൾ- കം- ബസ് സ്റ്റാന്റ് നിർമ്മാണ പ്രവൃത്തി ആരംഭിച്ചില്ല. |
| 31 | 1-31 | ഡെപ്പോസിറ്റ് വർക്ക് പൂർത്തിയായില്ല |
| 32 | 1-32 | ലേലം- ജി.എസ്. ടി. ഈടാക്കിയില്ല. |
| 33 | 1-33 | ഇ എം എസ് ഭവനപദ്ധതി - ഭവന നിർമ്മാണം |

| | | |
|---|---|---|
| | | പൂർത്തീകരിക്കുകയോ,തുക തിരികെ ഈടാക്കുകയോ ചെയ്തില്ല. |
| 34 | 1-34 | ഭവന പുനരുദ്ധാരണം - പദ്ധതി രൂപീകരണം, നിർവ്വഹണം എന്നിവയിലെ അപാകതകൾ |
| 35 | 1-35 | സൈഡ് വീൽഘടിപ്പിച്ച സ്ക്കൂട്ടർ (എസ് സി ) - അപാകം |
| 36 | 1-36 | പി എം എ വൈ ഭവനപദ്ധതി - ഭവന നിർമ്മാണം ആരംഭിക്കുകയോ,തുക തിരികെ ഈടാക്കുകയോ ചെയ്തില്ല. |
| 37 | 1-37 | പ്രളയബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയത് - അപാകതകൾ |
| 38 | 1-38 | പ്രളയബാധിത പ്രദേശങ്ങളിലെ കിണറുകൾ വൃത്തിയാക്കൽ -അപാകതകൾ |
| 39 | 1-39 | വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് - അപാകതകൾ |
| | | **ഭാഗം-2 വരവുകണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 40 | 2-1 | വസ്തു നികുതി ബാക്ക് അസസ്മെന്റ് നടത്തിയില്ല_ 164396/- രൂപയുടെ നഷ്ടം. |
| | | **ഭാഗം-3 ചെലവു കണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** |
| 41 | 3-1 | ഡ്രയിനേജ് സൈഡ് കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 184488/-രൂപ. |
| 42 | 3-2 | TOP BELTകോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു.നഷ്ടം 15720/-രൂപ. |
| | | **ഭാഗം -4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** |
| 43 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 44 | 4-2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 45 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 46 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 47 | 4-5 | വായ്പ /വായ്പ തിരിച്ചടവ് |
| 48 | 4-6 | സ്ഥിര നിക്ഷേപം |
| 49 | 4-7 | ഓഡിറ്റ് റിക്കവറി |
| 50 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 51 | 4-9 | ചാർജ്- സർചാർജ് നടപടികളുടെ വിവരം. |

| | | |
|---|---|---|
| 52 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 53 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | | **ഭാഗം 5 അനുബന്ധങ്ങൾ** |
| 54 | Annexure-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 55 | Annexure-2 | Audited Abstract |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 19.03.2018 ലെ 01-ാം നം. തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 02.03.19തിയതിയിലെ 1-ാം നം. തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2019 | 18.07.2019 | ------- | ---------- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,66,87,723.45 |
| വരവ് | 27,03,56,025 |
| ആകെ | 30,70,43,748.45 |
| ചെലവ് | 22,95,89,545 |
| നീക്കിയിരിപ്പ് | 7,74,54,203.45 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 41014306 | 41014306 | 29664822 | 11349484 |
| വികസനഫണ്ട് എസ്.സി.പി. | 0 | 14718000 | 14718000 | 8791220 | 5926780 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3773000 | 3773000 | 2124376 | 1648624 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 37735222 | 37735222 | 37735222 | 0 |
| സംരക്ഷണഗ്രാന്റ് | 0 | 8313000 | 8313000 | 7104255 | 1208745 |

| | | | | | |
|---|---|---|---|---|---|
| നോൺറോഡ് | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 55790455 | 55790455 | 30523893 | 25266562 |
| എസ് ബി ടി തനത് ഫണ്ട് | 12384331 | 36924541 | 49308872 | 38872646 | 10436226 |
| ബി ഫണ്ട് | 0 | 73927500 | 73927500 | 73927500 | 0 |
| കനറ ബാങ്ക് -പബ്ലിക് കോൺട്രിബ്യൂഷൻ | 7068 | 250 | 7318 | 0 | 7318 |
| ട്രഷറി ടി എസ് ബി | 3788569 | 37161386 | 40949955 | 25980148 | 14969807 |
| എം ഡി സി ബാങ്ക് | 603162 | 0 | 603162 | 0 | 603162 |
| ടി എസ് ബി-സേവിംഗ്സ് | 84819 | 2763367 | 2848186 | 2520102 | 328084 |
| യൂനിയൻ ബാങ്ക് | 4419636 | 4375000 | 8794636 | 7342169 | 1452467 |
| പി എൻ ബി | 6675929 | 271085 | 6947014 | 0 | 6947014 |
| കനറബാങ്ക് | 25935 | 0 | 25935 | 0 | 25935 |
| പി. എൻ ബി -വെയ്സ്റ്റ് മാനേജ്മെന്റ് | 1006616 | 36182 | 1042798 | 0 | 1042798 |
| വിജയാബാങ്ക് -പി എം എ വൈ | 1767412 | 56676985 | 58444397 | 39380654 | 19063743 |
| വിജയാബാങ്ക്-എൻ യു എൽ എം | 166128 | 839605 | 1005733 | 777525 | 228208 |
| എച്ച് ഡി എഫ് സി ബാങ്ക് | 23690 | 1027 | 24717 | 0 | 24717 |
| ആക്സിസ് ബാങ്ക്-നിർഭയ | 2395939 | 42416 | 2438355 | 2416846 | 21509 |
| ഐ സി ഐ സി ഐ ബാങ്ക് -സ്വച്ഛാഭാരത് | 35,000 | 0 | 35,000 | 0 | 35,000 |
| ഐ സി ഐ സി ഐ ബാങ്ക്-സേവിംഗ് അക്കൗണ്ട് | 2620441 | 5298132 | 7918573 | 873056 | 7045517 |
| അർബ്ബൻ ബാങ്ക് -സാലറി (കൗൺസിലർമാർ) | 1804 | 3704496 | 3706300 | 3704496 | 1804 |
| എസ് എം ജി ബാങ്ക്-10472 | 170437 | 6840 | 177277 | 0 | 177277 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 399 | 225156416 | 266 | 12650193 | 13 | 133 | 66 |

## 1-6 തൊഴിലുറപ്പ്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 4419636 | 4375000 | 8794636 | 7342169 | 1452467 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 4419636 | 4375000 | 8794636 | 7342169 | 1452467 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **ക്ഷേമപദ്ധതിയുടെ പേര്** | **ചെലവഴിച്ച തുക** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| തൊഴിൽരഹിത വേതനം | 5,70,600 | 608 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 3,30,000 | 11 |
| കർഷക തൊഴിലാളി പെൻഷൻ | 44,86,800 | 380 |
| വിധവ പെൻഷൻ | 2,41,02,700 | 2008 |
| വാർദ്ധക്യകാല പെൻഷൻ | 3,59,70,400 | 2946 |
| വികലാംഗ പെൻഷൻ | 65,90,500 | 570 |
| 50 വയസ്സിനുമുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള ധനസഹായം | 18,76,500 | 154 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.02.2020 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,06,962/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

നഗരസഭയുടെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2) രശീതികൾ വഴി പിരിച്ചെടുക്കുന്ന തുകകളുടെ അടവ്, പിൻവലിക്കൽ പ്രവർത്തനങ്ങളിൽ മേലുദ്യോഗസ്ഥന്റെ പരിശോധന കാര്യക്ഷമമല്ല. രശീതി വഴി പിരിച്ചെടുക്കുന്ന തുകകളുടെ കൃത്യതയും, ബാങ്ക് ബുക്കിൽ ബുക്ക് ചെയ്യുന്ന ചെലവിന്റെ കൃത്യതയും പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
3) ഹോളിഡേ ഡ്യൂട്ടി രജിസ്റ്റർ, കോമ്പൻസേറ്ററി ലീവ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

4) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ മുനിസിപ്പൽ എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില നഗരസഭയുടെ തനതി ഫണ്ടിലേക്ക് മാറ്റാൻ നടപടി സ്വീകരിച്ചിട്ടില്ല.
5) അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.

6) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമാക്കാൻ പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.
7)നഗരസഭയുടെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പുർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്.എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.01.2013 | 2011-12 | 11.04.14 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.09.2018 | 2014-15 മുതൽ 2017-18 വരെ | 05.11.18 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1)B4 ഷെഡ്യൂൾ പ്രകാരമുള്ള തുകകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ/ACR ലഭ്യമാക്കിയിട്ടില്ല.

2) Loan From Financial Institutions ഇനത്തിൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-5 ൽ (-)1,25,64,541 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടയ്ക്കുവാൻ ബാക്കി നിൽക്കുന്നത് ₹1421748/-യാണ്.

3)ഡെപ്പാസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ B-7 ൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിയ്ക്കാനായിട്ടില്ല.

4)വസ്തു നികുതി സംബന്ധിച്ച വിവരങ്ങളുംസഞ്ജയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളും,വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളും തമ്മിൽ പൊരുത്തമില്ല.

5)കേരള മുനിസിപ്പാലിറ്റീസ് ആക്റ്റ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ ഇനത്തിൽ ഡിമാന്റ് ,കളക്ഷൻ,മുൻവർഷത്തെ കുടിശ്ശിക കളക്ഷൻ ,ബാലൻസ്,2019-20 വർഷത്തേക്ക് അഡ്വാൻസ് ഇനത്തിലുള്ള വരവ് എന്നീയിനങ്ങളിൽ വാർഷികകണക്കിൽ തുക രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിവരം പരിശോധിയ്ക്കാനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6)അക്രൂവൽ അടിസ്ഥാനത്തിലുള്ള അക്കൗണ്ടിംഗ് രീതിയിലേക്ക് മാറുന്നതിന് മുൻപുള്ള എല്ലാ ആസ്തിബാധ്യതകളുടെയും മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.വാർഷിക കണക്കുകളുമായി താരതമ്യം ചെയ്യാവുന്ന വിധത്തിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

7) 2017- 18 വർഷത്തെ വാർഷികകണക്കിലെ മുഴുവൻ അപാകതകളും പരിഹരിച്ചിട്ടില്ല.

8)വാടക ഇനത്തിലെ കുടിശ്ശിക ഡിമാന്റ് ,കളക്ഷൻ തുകകൾ,തൻവർഷ കുടിശ്ശിക ബാലൻസ് എന്നീയിനങ്ങളിലെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

9)കംഫർട്ട് സ്റ്റേഷൻ ഇനത്തിലെ തൻവർഷ വരവ്, പ്രൈവറ്റ് ഹോസ്പിറ്റൽ,പാരാമെഡിയ്ക്കൽ സ്ഥാപനങ്ങളിൽ നിന്നുള്ള വരവ്,ട്യൂട്ടോറിയൽ കോളേജ് രജിസ്ട്രേഷൻ ഫീസ് ഇനത്തിലെ തൻവർഷ വരവ്,പി പി ആർ ആക്റ്റ് തൻവർഷ വരവ്,ക്രമറ്റോറിയം ഫീസ് തൻവർഷ വരവ്, എന്നീയിനങ്ങളിലെ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

10)ബിൽഡിംഗ് കൺട്രക്ഷൻ ഫീസ് ,റഗുലറൈസേഷൻ ഫീസ് ഇനത്തിൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകൾ പരിശോധിയ്ക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

11)തൊഴിൽ നികുതി കുടിശ്ശിക ഡിമാന്റ് , കുടിശ്ശിക വരവ് ,ബാലൻസ് ഇനത്തിൽ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

12)നഗരസഭയിൽ നിന്നും 21.12.2011 മുതൽ വിവിധ തീയതികളിലായി നൽകിയിട്ടുള്ള ചെക്കുകൾ നാളിതുവരെയും പണമാക്കിയിട്ടില്ലെങ്കിലും ബാലൻസ് ഷീറ്റിൽ 'Liability in stale cheque' എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

13) ഡെപ്പോസിറ്റ് വർക്കുകൾക്കായി വിവിധ ഏജൻസികൾക്ക് 2017-18,2018-19 വർഷങ്ങളിൽ മുൻകുറായി നൽകിയിട്ടുള്ള ₹1,66,44,399/-യുടെ പ്രവൃത്തികൾ നാളിതുവരെയും പൂർത്തീകരിച്ചിട്ടിലെങ്കിലും ബാലൻസ് ഷീറ്റിലെ B-18 ൽ രേഖപ്പെടുത്തിയിട്ടില്ല.

14)3/19- ലെ ശമ്പള റിക്കവറികൾ ഷെഡ്യൂൾ B9-പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

15)തൻവർഷത്തെ ആസ്തികൾക്ക് Depreciation രേഖപ്പെടുത്തിയിട്ടുള്ള ഷെഡ്യൂൾ I-17(a) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
16)അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ചെലവ് തുക വാർഷികകണക്കുമായി പൊരുത്തമില്ല.

## 1-12 വസ്തു നികുതി ബാക്ക് അസസ്മെന്റ് നടത്തിയില്ല_ 164396/- രൂപയുടെ നഷ്ടം.

ശ്രീ. നാരായണൻ, ശ്രീമതി ലകായിൽ ഗീത, തിക്കോടിയിൽ വീട്, നിലമ്പൂർ എന്നിവരുടെ ഉടമസ്ഥതയിലുള്ളതും, നിലമ്പൂർ വില്ലേജ് റി സർവ്വേ നമ്പർ 186/2 -ൽ ഉൾപ്പെട്ടതുമായ 0.1400 ഹെക്ടർ സ്ഥലത്ത് 1717.12 ച.മീറ്റർ വിസ്തീർണത്തിൽ ബഹു നില വാണിജ്യ കെട്ടിത്തിന് നിർമ്മാണം പൂർത്തീകരിച്ച തിയ്യതിക്ക് പകരം ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകിയ തിയ്യതി മുതൽ മാത്രം വസ്തു നികുതി ഈടാക്കിയത് മൂലം നഗരസഭ ഫണ്ടിന് 164396/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ -ചട്ടം 24 എന്നിവ പ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയോ, ഉപയോഗിക്കുകയോ, ഇതിലേതാണ് ആദ്യം സംഭവിക്കുന്നത് ആ അർദ്ധ വർഷം മുതൽ വസ്തു നികുതി ഈടാക്കേണ്ടതാണ്. ആയത് പാലിക്കാത്തത് മൂലമാണ് നഗരസഭ ഫണ്ടിന് നഷ്ടമുണ്ടായിട്ടുള്ളത്. വിശദാംശങ്ങൾ ഖണ്ഡിക 2-1 കാണുക.

## 1-13 അനധികൃത നിർമ്മാണം_ വസ്തു നികുതി ഇനത്തിൽ 1432920/- രൂപയുടെ നഷ്ടം.

ശ്രീ. ഹംസ & നാസറുദ്ധീൻ, കണ്ടപ്പൻ വീട്, നിലമ്പൂർ എന്നവരുടെ ഉടമസ്ഥതയിലുള്ളതും, നിലമ്പൂർ വില്ലേജിലെ റീ സർവ്വേ നമ്പർ 41/10, 41/09 [Possession Certificate No. 13797478/24.08.2015] ഉൾപ്പെട്ടതുമായ 1200 ച.മീറ്റർ വിസ്തീർണ്ണമുള്ള ഭൂമിയിൽ നിലവിലുള്ള കെട്ടിടത്തിന് 2002.16 ച.മി [G.F 541.79 + FF 711.94 + SF 748.43] മുകളിൽ നഗരസഭയിൽ നിന്നും മുൻകൂർ അനുമതി [Building Permit] ലഭ്യമാക്കാതെ നിർമ്മിച്ച 786.24 ച.മി [TF 748.43 + Tr F 37.81] നിർമ്മാണം റെഗുലറൈസ് ചെയ്ത് നമ്പർ ലഭിക്കുന്നതിന് 03.10.2015-ൽ [ഫയൽ നമ്പർ- E2/16914/2015] അപേക്ഷ നൽകിയിട്ടുണ്ട്. ആയത് ജില്ലാ ടൗൺ പ്ലാനർക്ക് അയക്കുകയും, ആയതിന്മേൽ ജില്ലാ ടൗൺ പ്ലാനർ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ രേഖപ്പെടുത്തി തിരിച്ചയച്ചിട്ടുമുണ്ട്. തുടർന്നുള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

തുടർന്ന് കെട്ടിടം ക്രമവക്കരിക്കുന്നതിന് 23.04.2018-ൽ കെട്ടിട ഉടമ ഗവൺമെന്റിൽ അപേക്ഷ നൽകുകയും, നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് വേണ്ടി സെക്രട്ടറിക്ക്

അപേക്ഷ നൽകുന്നതിന് 10.05.2018- ലെ RB3/112/2018, തദ്ദേശസ്വയംഭരണ (ആർ.ബി) വകുപ്പ് കത്ത് പ്രകാരം ഗവൺമെന്റ് കക്ഷിക്ക് നിർദ്ദേശം നൽകുകയും ചെയ്തു. Kerala Municipality Building [Regularisation of Unauthorised Construction] Rules, 2018 പ്രകാരം ക്രമ വൽക്കരിക്കുന്നതിന് കക്ഷി 07.06.2018-ലെ 118200103032 രസീതി പ്രകാരം 10000/- രൂപ അപേക്ഷ ഫീസ് അടവാക്കിയിട്ടുണ്ട് [എന്നാൽ മേൽ ചട്ടം- ചട്ടം 4 പ്രകാരം 65,768/- രൂപ [10000+(2788.4*20)] അപേക്ഷ ഫീസ് ഇനത്തിൽ അടവാക്കേണ്ടതായിരുന്നു].

നഗരസഭയിലെ സാങ്കേതിക വിഭാഗം 26.11.2018-ൽ സ്ഥല പരിശോധന നടത്തി, നിർമ്മാണത്തിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 -ലെ വ്യവസ്ഥകളുടെ ലംഘനമുള്ളതിനാൽ ആയത് ക്രമ വൽക്കരിക്കുന്നതിന് Kerala Municipality Building [Regularisation of Unauthorised Construction] Rules, 2018 പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2018-ലെ മേൽ ചട്ട പ്രകാരം ലഭിക്കുന്ന അപേക്ഷകൾ 60 ദിവസത്തിനുള്ളിൽ അനുബന്ധ രേഖകൾ സഹിതം ടൗൺ പ്ലാനർക്ക് അയച്ച് കൊടുക്കേണ്ടതായിരുന്നു. തുടർന്ന് നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

1. 10.01.2019-ൽ ലഭ്യമാക്കിയ സ്കെച്ച് / പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണം 2788.4 ച.മീറ്റർ ആണ്. ആയതിൽ 2002.16 ച.മീറ്റർ നഗരസഭയിൽ വസ്തു നികുതി അടവാക്കുന്ന നിയമാനുസൃത കെട്ടിടമെന്നും, 786.24 ച.മീറ്റർ അനധികൃത നിർമ്മാണമെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നഗരസഭയിലെ രേഖകൾ [സഞ്ചയ അസസ്മെന്റ് രജിസ്റ്റർ/ നികുതി രസീതികൾ], നഗരസഭ ഓവർസിയറുടെ റിപ്പോർട്ട് എന്നിവ പ്രകാരം കെട്ടിട നമ്പർ I/948 മുതലുള്ള നമ്പറുകളിലായി ആകെ 763 ച.മീറ്റർ വിസ്തീർണ്ണത്തിന് മാത്രമാണ് നികുതി അടവാക്കുന്നത്. നിയമാനുസൃതം എന്ന് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ അവശേഷിക്കുന്ന 1237.16 ച.മീറ്റർ [2000.16 – 763] വിസ്തീർണത്തിന്റെ വസ്തു നികുതി ഈടാക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
   2011-ന് മുൻമ്പുള്ള കെട്ടിടങ്ങൾക്ക് [ARV പ്രകാരം വസ്തു നികകതി ചുമത്തിയത്] വസ്തു നികുതി പുനർ നിശ്ചയിച്ചപ്പോൾ സഞ്ചയ സോഫ്റ്റ് വെയറിൽ തറ വിസ്തീർണം നൽകിയത് കൃത്യമല്ലാത്തത് കൊണ്ടാണ് വിസ്തീർണത്തിൽ വ്യത്യാസമെന്നും, വസ്തു നികുതി ചുമത്തിയതിൽ കുറവ് വന്നിട്ടില്ലന്നും സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിന് ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

2. Kerala Municipality Building [Regularisation of Unauthorised Construction] Rules, 2018 പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2018-ലെ മേൽ ചട്ട പ്രകാരം ലഭിക്കുന്ന അപേക്ഷകൾ 60 ദിവസത്തിനുള്ളിൽ അനുബന്ധ രേഖകൾ സഹിതം ടൗൺ പ്ലാനർക്ക് അയച്ച് കൊടുക്കേണ്ടതായിരുന്നു. എന്നാൽ നഗരസഭയിൽ നിന്നും തുടർന്ന് നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3. കേരള മുനിസിപ്പാലിറ്റി ആക്ട് 1994- സെക്ഷൻ 242, മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ -ചട്ടം 20,24 എന്നിവ പ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയോ, ഉപയോഗിക്കുകയോ, ഇതിലേതാണ് ആദ്യം സംഭവിക്കുന്നത് ആ അർദ്ധ വർഷം മുതൽ വസ്തു നികുതി ഈടാക്കേണ്ടതാണ്. കക്ഷികൾ പ്രസ്തുത കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് ക്രമവൽക്കരിക്കുന്നതിന് 03.10.2015-ൽ അപേക്ഷ നൽകിയിട്ടുണ്ട്. ആയതിനാൽ മേൽ സെക്ഷൻ/ ചട്ടങ്ങൾ പ്രകാരം 2015-16 മുതൽ അനധികൃത കെട്ടിടമായി കണക്കാക്കി 3 ഇരട്ടി വസ്തു നികുതി ഈടാക്കേണ്ടതാണ്. ആയത് ഈടാക്കാത്തത് മൂലം വസ്തു നികുതി ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം നഗരസഭക്ക് നഷ്ടമുണ്ടതായി ഓഡിറ്റ് വിലയിരുത്തുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ ആകെ വിസ്തീർണം | 2788.4 ച.മി |
| ഉപയോഗിക്കുന്ന/ പൂർത്തീകരിച്ച വിസ്തീർണം [TF, Terace Floor ഒഴികെ] | 2002.16 ച.മി |
| അനധികൃത നിർമ്മാണം | 786.24 ച.മി |
| അനധികൃത നിർമ്മാണത്തിന് 3 ഇരട്ടി നിരക്കിൽ ഈടാക്കേണ്ട വസ്തു നികുതി [(786.24 * 90 +വർദ്ധനവ് 35%)*3 ഇരട്ടി] | 286584 രൂപ |
| 3 ഇരട്ടി നിരക്കിൽ ഈടാക്കേണ്ട തുക [2015-16 മുതൽ 2019-2020 വരെ = 286584*5] | 1432920 രൂപ |

<u>2015-16 മുതൽ 2019-2020 വരെ വസ്തു നികുതി കുടിശ്ശികയിനത്തിലെ 1432920/- രൂപയും ആയതിന്റെ ലൈബ്രറി സെസ്സ്(5%), സർവ്വീസ് സെസ്സ്(10%) എന്നിവയും ഈടാക്കാത്തത് നഗരസഭയുടെ ഭാഗത്തുന്നുള്ള വീഴ്ചയാണ്. കക്ഷിക്ക് നോട്ടീസ് നൽകി തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.</u>

4. 2020-21 മുതൽ കെട്ടിടം നിയമാനുസൃതം റഗുലറൈസ് ചെയ്യുന്നത്/ പൊളിച്ചുകളയുന്നതുവരെ പ്രതി വർഷം 286584/- രൂപ വസ്തു നികുതിയും, ആയതിന്റെ ലൈബ്രറി സെസ്സ് (5%), സർവ്വീസ് സെസ്സ് (10%) എന്നിവയും ഈടാക്കേണ്ടതാണ്.

*[മേൽ പരാമർശങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 03/11.02.2020) ലഭ്യമാക്കിയ മറുപടിയിൽ വസ്തു നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു]*

## 1-14 ക്രമ വിരുദ്ധമായി വസ്തു നികുതിയിൽ കുറവ് അനുവദിച്ചു.

ശ്രീ. റൺസ് മോൻ എബ്രഹാം, കുമ്മണ്ണുപറമ്പിൽ വീട്, നിലമ്പൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള പാർക്ക് റെസിഡൻസി ഹോട്ടൽ എന്ന സ്ഥാപനത്തിന് 24.03.2017-ലെ E2/16448/2015 [area-3839 m2] പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. മേൽ കെട്ടിടത്തിന് 30/399/A എന്ന നമ്പർ അനുവദിച്ച് 2016-17 രണ്ടാം അർദ്ധ വർഷം മുതൽ വസ്തു നികുതി ഇനത്തിൽ 445423/- രൂപ ഡിമാന്റ് [16.03.2017] ചെയ്യുകയും, 30.03.2017—ൽ കെട്ടിട ഉടമ നികുതി അടവാക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 06.06.2017-ലെ R1/9122/2017 നമ്പർ അപേക്ഷ പ്രകാരം സെക്രട്ടറി ചുമത്തിയ വസ്തു നികുതിക്കെതിരെ സെക്രട്ടറിക്ക് കെട്ടിട ഉടമ പരാതി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിഗണിച്ച് വസ്തു നികുതി നിലവിലുണ്ടായിരുന്ന 445423/- രൂപയിൽ നിന്നും 367300/- രൂപയായി പുനർ നിർണ്ണയിച്ച് 30/399/AB, 30/399/AB1, 30/399/AB2, 30/399/AB3, 30/399/AB4, 30/399/AB5 എന്നീ കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുണ്ട് [പുനർ നിർണ്ണയ തിയ്യതി 23.10.2018].

കേരള മുനിസിപ്പാലിറ്റി ആക്ട് 1994-സെക്ഷൻ 22, കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ 2011-ചട്ടം 16 എന്നിവ പ്രകാരം സെക്രട്ടറി നിർണ്ണയിച്ച നികുതിക്കെതിരെ കെട്ടിട ഉടമക്ക് ആക്ഷേപമുള്ള പക്ഷം, സെക്രട്ടറി നിർണ്ണയിച്ച വസ്തു നികുതി അടവാക്കേണ്ടതും, ഡിമാന്റ് നോട്ടീസ് കൈപ്പറ്റി 30 ദിവസത്തിനകം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് മുമ്പാകെ അപ്പീൽ നൽകേണ്ടതാണ്. എന്നാൽ 16.03.2017 ഡിമാന്റ് നോട്ടീസ് ലഭിച്ച് 30.03.2017-തിയ്യതിൽ വസ്തു നികുതിയും

അടവാക്കി 06.06.2017-ന് ആണ് കെട്ടിട ഉടമ സെക്രട്ടറിക്ക് പരാതി നൽകിയിട്ടുള്ളത്. മേൽ അപേക്ഷയിൽ,

1. സമയ പരിധി പാലിച്ചിട്ടില്ല.
2. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് പകരം സെക്രട്ടറിക്കാണ് അപേക്ഷ നൽകിയത്.

സെക്രട്ടറി അപേക്ഷ സ്വീകരിച്ച്, പരിശോധന നടത്തി നികുതിയിൽ കുറവ് വരുത്താനുള്ള തീരുമാനം ഭരണ സമിതി മുമ്പാകെ സമർപ്പിക്കുകയും, ആയതിന് CR No.1(1) തിയ്യതി 11.05.2018 പ്രകാരം നഗരസഭ കൗൺസിൽ അംഗീകാരം നൽകുകയുമാണ് ചെയ്തിട്ടുള്ളത്. സെക്രട്ടറി ചുമത്തിയ വസ്തു നികുതിക്കുമേൽ ലഭിച്ച ആക്ഷേപം സമയപരിധി കഴിഞ്ഞ് ലഭിച്ചതിനാലും, ആക്റ്റ്/ചട്ടങ്ങൾ പ്രകാരമുള്ള അപ്പീൽ അധികാരിക്ക് സമർപ്പിക്കാത്തതിനാലും, ആയത് പരിഗണിച്ച് വസ്തു നികുതിയിൽ കുറവ് നൽകിയത് ക്രമ വിരുദ്ധമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

[മേൽ പരാമർശത്തിമ്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/20.02.2020) ലഭ്യമാക്കിയ മറുപടിയിൽ സെക്രട്ടറി വസ്തു നികുതി ചുമത്തിയതിൽ പിഴവ് സംഭവിച്ചതായി ബോധ്യപ്പെട്ടതിനാലാണ് കക്ഷിയുടെ അപേക്ഷ നേരിട്ട് പരിഗണിച്ച് നികുതി കുറവ് വരുത്തിയത് എന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്രട്ടറിയുടെ വിശദീകരണം ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി, ഭരണ സമിതി എന്നിവ പരിശോധിച്ച് തീരുമാനം എടുക്കേണ്ടതാണ്]

## 1-15 ഡ്രയിനേജ് സൈഡ് കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു. നഷ്ടം 184489/-രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ
2018-19 വർഷത്തിൽ നഗരസഭ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഡ്രയിനേജ് സൈഡ് കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 4.3.2,പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തി പ്ലിന്ത് ലെവൽ വരെ മാത്രമുള്ളതായതിനാൽ DSR Code 4.3.1 പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളു. ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം 184489/- രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. ആയത് അതാത് കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. വിശദാംശം ഭാഗം 3 ൽ ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-16 സംശയാസ്പദമായ പ്രവൃത്തിക്ക് തുക അനുവദിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ
പ്രവൃത്തി: ജനശ്രീ ക്ളബ്ബ് റോഡ് പുനരുദ്ധാരണം361/19

അടങ്കൽ: 1450000 രൂപ

കരാറുകാരൻ: ഷിജു T G

കരാർ: 19/15-16/13-7-15

അളവ് പുസ്തകം: 95/15-16

TS: 08/AEE/LSGD/NBR/15-16/11-5-15

AS: 45(3)CR/26-2-15

കരാറുകാരന് സ്ഥലം കൈമാറിയത്: 13-07-15

ചെലവ്

മൂല്യനിർണ്ണയം- 1206753 രൂപ(ട്രഷറി ബിൽ നംപർ 31/18-19/19-7-18)

(-) നികുതി. 72406

കരാറുകാരന് 1134347

മുതുകാട് അങ്ങാടി മുതൽ റെയിൽവേ ലെയ്ൻ വരെയുള്ള 580.00 മീറ്റർ നീളമുള്ള റോഡ്, (വാർഡ് 19,20) നിലവിൽ ചെയ്നേജ് 00 മുതൽ 250 വരെ മെറ്റൽ ചെയ്തതും ബാക്കി മണ്ണ് റോഡുമാണ്. ഇതിൽ 350.00മീറ്റർ (ചെയ്നേജ് 00 മുതൽ 350 വരെ) ടാറിംഗ് നടത്തുന്നതിനും ചെയ്നേജ് 200 ൽ ഒരു കൾവർട്ട് നിർമിക്കുന്നതിനുമുള്ളതാണ് മേൽ പ്രോജക്ട്.

എന്നാൽ, പൊതുമരാമത്ത് (റോഡ്) വിഭാഗം വൺ ടൈം സെറ്റിൽമെന്റിന്റെ ഭാഗമായി നടത്തിയ പ്രവൃത്തിയിൽ മേൽ റോഡിന്റെ കുറച്ച് ഭാഗം ടാറിംഗ് പ്രവൃത്തി നടത്തിയതായി മനസ്സിലാക്കിയതിന്റെയടിസ്ഥാനത്തിൽ (25-5-16 ലെ കുറിപ്പ് ഫയൽ) പൊതുമരാമത്ത് (റോഡ്) വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടത്തിയ പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തിയതിന്റെ വിശദാംശം ആവശ്യപ്പെട്ട് 25-5-2016 ന് (ഇ1-07/15) മുനിസിപ്പൽ എഞ്ചിനീയർ, പൊതുമരാമത്ത് (റോഡ്) വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്തയക്കുകയും മറുപടി ലഭ്യമാക്കാത്തതിനാൽ 15-6-2016,8-7-2016 എന്നീ തീയതികളിൽ ഓർമക്കുറിപ്പ് അയക്കുകയും ആയതിന് 14-7-2016 ന് (നംപർ- ജനറൽ-16) മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം മേൽ ഓഫീസിൽ നിന്ന് നേരിട്ടും സൈറ്റ് വേരിഫിക്കേഷൻ നടത്തിയും മനസ്സിലാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഇതിന് മുമ്പ് തന്നെ പ്രവൃത്തി നടത്തി അളവെടുത്ത് കരാറുകാരന് തുക നൽകിയതായി കാണുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ഇനം | പ്രവൃത്തി | അളവെടുത്തതീയതി | അളവ് പുസ്തകം പേജ് നംപർ |
|---|---|---|---|
| 16 | മെറ്റലിംഗ് | 25-5-2016 | 32 |
| 17 | ടാക്ക് കോട്ട് (പ്രീ മെഷർമെന്റ്) | 26-5-2016 | 33 |
| 18 | പ്രീ മിക്സ്ഡ് ചിപ്പിംഗ് കാർപ്പെറ്റ് | 30-5-2016 | 35 |
| 19 | സീൽ കോട്ട് | 11-6-2016 | 36 |

മേൽ പ്രവൃത്തിയുടെ അവസാന അളവെടുത്തത് 11-6-2016 നാണ്. എന്നാൽ പൊതുമരാമത്ത് (റോഡ്) വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത് 14-7-2016 നും. ഇതിൽ നിന്ന് തന്നെ മേൽ പ്രവൃത്തിയിൽ ഡ്യൂപ്ളിക്കേഷൻ ഉണ്ടോ എന്നുറപ്പ് വരുത്താതെയാണ് കരാറുകാരന് തുക നൽകിയതെന്ന് കാണുന്നു. ഇപ്രകാരം സംശയാസ്പദമായ പ്രവൃത്തിക്ക് തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17/22-2-2020 നംപർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ മേൽ പ്രവൃത്തിയിൽ ഡ്യൂപ്ളിക്കേഷൻ വന്നിട്ടില്ലെന്നും അധികത്തുക നൽകിയിട്ടില്ലെന്നും 256.50 മീറ്റർ നീളത്തിലാണ് ടാറിംഗ്

നടത്തിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ, പൊതുമരാമത്ത് (റോഡ്) വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയ14-7-2016 ന് മുമ്പ് തന്നെ പ്രവൃത്തി പൂർത്തീകരിച്ചതിനുള്ള വിശദാംശം ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 കരാറുകാരന് അധികത്തുക അനുവദിച്ചു.

നിർവ്വഹണോദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ
പ്രവൃത്തി: AGK റോഡ് പുനരുദ്ധാരണം 362/19

കരാറുകാരൻ: പി എം ഖാലിദ്

കരാർ: 15/15-16/13-7-15 (ER)

അളവ് പുസ്തകം: 205/15-16

ചെലവ്

മൂല്യനിർണ്ണയം- 189997 രൂപ(ട്രഷറി ബിൽ നംപർ 21/18-19/18-7-18)

(-) നികുതി. 11400

കരാറുകാരന് 178597

മേൽ പ്രവൃത്തിയുടെ യഥാർത്ഥ മൂല്യനിർണ്ണയം 186996.89 രൂപയാണ്. എന്നാൽ MOP തയ്യാറാക്കുന്നതിന്നായി 189997 രൂപ എന്ന് തെറ്റായി ചേർത്തത് വഴി 3000 രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്. ആയത് തിരികെ ഈടാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 18/22-2-2020 നംപർ ഓഡിറ്റ് എൻക്വയറിക്ക് തുക ഉടൻ തിരിച്ചടക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 3000 രൂപ ഈടാക്കി അക്കാര്യം അറിയിക്കേണ്ടതാണ്.

## 1-18 TOP BELTകോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു.നഷ്ടം 15720/-രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

2018-19 വർഷത്തിൽ നഗരസഭ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ സംരക്ഷണഭിത്തിയുടെ top belt

കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 4.3.2 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തിക്ക് DSR Code 5.9.1പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളു. നഗരസഭ നടപ്പാക്കിയ ഇത്തരത്തിലുള്ള മിക്ക പ്രവൃത്തികൾക്കും DSR Code 5.9.1പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് DSR Code 4.3.2 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം വന്ന അധിക ചെലവ് 15720/-രൂപ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ് വിശദാംശം ഭാഗം 3 ൽ ഖണ്ഡിക 3-2 ആയിഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-19 പ്രവൃത്തി വൈകിപൂർത്തിയാക്കിയതിന് പിഴ

## ഈടാക്കിയില്ല. നഷ്ടം 931848 രൂപ
## നി.ഉദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും ചട്ടങ്ങൾ) പ്രകാരം കരാറുകാരൻ തന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി പൂർത്തീകരണമാകാത്തതിന് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായി AE മുഖേന കാലാവധി തീരുന്നതിന്ന് മുമ്പായി അപേക്ഷിക്കേണ്ടതും AE ഇക്കാര്യത്തിൽ തീരുമാനമെടുത്ത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6 മാസം, (ഏതാണ് കുറവ് അത്) എന്ന നിരക്കിൽ പരമാവധി 50% വരെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ അപ്രകാരം കാലാവധി ദീർഘിപ്പിക്കുന്നതിനായി അപേക്ഷിക്കുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല.ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കാത്തതിന് കാരണം വിശദമാക്കേണ്ടതാണ്.

വിശദാംശം താഴെ കൊടുക്കുന്നു.

**1) ക്ളാസ്സിക്ക് കോളേജ് റോഡ് പുനരുദ്ധാരണം 358/19.**

കരാറുകാരൻ: ശ്രീ ദിനീഷ് എം

കരാർ: 21/15-6/14-7-15 (എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.01% കുറവ്)

കരാർ തുക: 1169155.07 രൂപ

അളവ് പുസ്തകം: 126/15-16

പ്രവൃത്തിസ്ഥലം കൈമാറിയത്: 14-7-15

കരാർ കാലാവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 13-1-16

പൂർത്തീകരിച്ചതീയതി: 20-6-16(അളവ് പുസ്തകം പേജ് 18)

ചെലവ്: 1082940 രൂപ (ബിൽ 26/18-19/18-7-18)

മൂല്യനിർണ്ണയം: (ടെണ്ടർ വ്യതിയാനത്തിന് ശേഷം): 1082939

(-) നികുതികൾ: 64976

കരാറുകാരന്: 1017964

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 11691.55 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 14-1-16 to 27-2-16)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 23383.10 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 28-2-16 to12-3-16 )

**ആകെ 35075.00 രൂപ. (റൗണ്ടഡ് ഫിഗർ)**

**2) കീർത്തി പാടിക്കുന്ന് റോഡ് പുരോഗമനം 372/19.**

കരാറുകാരൻ: ശ്രീ ദിനീഷ് എം

കരാർ: 22/15-16/14-7-15 (എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.20% കുറവ്)

കരാർ തുക: 1497000 രൂപ

അളവ് പുസ്തകം: 20/16-17

പ്രവൃത്തിസ്ഥലം കൈമാറിയത്: 14-7-15

കരാർ കാലാവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 13-1-16

പൂർത്തീകരിച്ചതീയതി: 24-6-16(അളവ് പുസ്തകം പേജ് 37)

ചെലവ്: 1496104 രൂപ (ബിൽ 25/18-19/18-7-18)

മൂല്യനിർണ്ണയം: (ടെണ്ടർ വ്യതിയാനത്തിന് ശേഷം): 1496104

(-) നികുതികൾ: 89776

കരാറുകാരന്: 1406338

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 14970 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 14-1-16 to 27-2-16)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 29940 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 28-2-16 to12-3-16 )

**ആകെ 44910.00 രൂപ.**

**3) CNG-MSP ക്യാമ്പ് റോഡ് പുരോഗമനം 365/19.**

കരാറുകാരൻ: ശ്രീ ദിനീഷ് എം

കരാർ: 20/15-16/14-7-15 (എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.02% കുറവ്)

കരാർ തുക: 810557.86 രൂപ

അളവ് പുസ്തകം: 6/16-17

പ്രവൃത്തിസ്ഥലം കൈമാറിയത്: 14-7-15

കരാർ കാലാവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 13-1-16

പൂർത്തീകരിച്ചതീയതി: 8-6-16(അളവ് പുസ്തകം പേജ് 18)

ചെലവ്: 745120 രൂപ (ബിൽ 24/18-19/18-7-18)

മൂല്യനിർണ്ണയം: (ടെണ്ടർ വ്യതിയാനത്തിന് ശേഷം): 745120

(-) നികുതികൾ: 44707

കരാറുകാരന്: 700413

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 8105.57 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 14-1-16 to 27-2-16)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 16211.14 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 28-2-16 to12-3-16 )

**ആകെ 24317.00 രൂപ. (റൗണ്ടഡ് ഫിഗർ)**

**4) വല്ലപ്പുഴ "യു" റോഡ് പുരോഗമനം 383/19.**

കരാറുകാരൻ: ശ്രീ മുഹമ്മത് അലി പി കെ

കരാർ: 25/15-16/14-7-15 (എസ്റ്റിമേറ്റ് നിരക്ക്)

കരാർ തുക: 1493121രൂപ

അളവ് പുസ്തകം: 214/15-16

പ്രവൃത്തിസ്ഥലം കൈമാറിയത്: 14-7-15

കരാർ കാലാവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 13-1-16

പൂർത്തീകരിച്ചതീയതി: 20-6-16(അളവ് പുസ്തകം പേജ് 16)

ചെലവ്: 502644 രൂപ (ബിൽ 23/18-19/18-7-18)

മൂല്യനിർണ്ണയം: (ടെണ്ടർ വ്യതിയാനത്തിന് ശേഷം): 502644

(-) നികുതികൾ: 30158

കരാറുകാരന്: 472486

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 14931.21 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 14-1-16 to 27-2-16)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 29862.42 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 28-2-16 to12-3-16 )

**ആകെ 44794 രൂപ. (റൗണ്ടഡ് ഫിഗർ)**

**5) മുജാഹിദ് പള്ളി- NSS സ്കൂൾ റോഡ് പുരോഗമനം 373/19.**

കരാറുകാരൻ: ശ്രീ അൻവർ സാദത്ത്

കരാർ: 11/15-16/13-7-15 (എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 6.90% കുറവ്)

കരാർ തുക: 1386094.21 രൂപ

അളവ് പുസ്തകം: 96/15-16

പ്രവൃത്തിസ്ഥലം കൈമാറിയത്: 13-7-15

കരാർ കാലാവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 12-1-16

പൂർത്തീകരിച്ചതീയതി: 20-10-16(അളവ് പുസ്തകം പേജ് 28)

ചെലവ്: 1374471 രൂപ (ബിൽ 36/18-19/19-7-18)

മൂല്യനിർണ്ണയം: (ടെണ്ടർ വ്യതിയാനത്തിന് ശേഷം): 1374471

(-) നികുതികൾ: 82469

കരാറുകാരന്: 1292002

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 13860.94 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 13-1-16 to 26-2-16)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 27721.88 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 27-2-16 to11-3-16 )

**ആകെ 41583.00 രൂപ. (റൗണ്ടഡ് ഫിഗർ)**

**6) അരുവാക്കോട് വരേടംപാടം റോഡ് പുരോഗമനം 360/19.**

കരാറുകാരൻ: ശ്രീ പി എം ഖാലിദ്

കരാർ: 17/15-16/13-7-15 (എസ്റ്റിമേറ്റ് നിരക്ക്)

കരാർ തുക: 912290 രൂപ

അളവ് പുസ്തകം: 218/15-16

പ്രവൃത്തിസ്ഥലം കൈമാറിയത്: 13-7-15

കരാർ കാലാവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 12-1-16

പൂർത്തീകരിച്ചതീയതി: 15-2-17(അളവ് പുസ്തകം പേജ് 16)

ചെലവ്: 850949 രൂപ (ബിൽ 41/18-19/31-7-18)

മൂല്യനിർണ്ണയം: (ടെണ്ടർ വ്യതിയാനത്തിന് ശേഷം): 850949

(-) നികുതികൾ: 51056

കരാറുകാരന്: 799893

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 9122.90 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 13-1-16 to 26-2-16)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 18245.80 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 27-2-16 to11-3-16 )

**ആകെ 27369.00 രൂപ. (റൗണ്ടഡ് ഫിഗർ)**

**7) CNG പാലസ് റോഡ് പുരോഗമനം 378/19.**

കരാറുകാരൻ: ശ്രീ പി എം ഖാലിദ്

കരാർ: 14/15-16/13-7-15 (എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 11.01% കുറവ്)

കരാർ തുക: 1322564.93 രൂപ

അളവ് പുസ്തകം: 152/16-17

പ്രവൃത്തിസ്ഥലം കൈമാറിയത്: 13-7-15

കരാർ കാലാവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 12-1-16

പൂർത്തീകരിച്ചതീയതി: 22-12-16(അളവ് പുസ്തകം പേജ് 12)

ചെലവ്: 515657 രൂപ (ബിൽ 44/18-19/31-7-18)

മൂല്യനിർണ്ണയം: (ടെണ്ടർ വ്യതിയാനത്തിന് ശേഷം): 515657

(-) നികുതികൾ: 30940

കരാറുകാരന്: 484717

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 13225.64 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 13-1-16 to 26-2-16)

ആദ്യ തവണക്ക് ശേഷം PAC യുടെ 2%: 26451.28 രൂപ (minimum Rs.2000, Rs.maximum 100000)

(25% of 6 months = 45 ദിവസം, 27-2-16 to11-3-16 )

**ആകെ 39677.00 രൂപ. (റൗണ്ടഡ് ഫിഗർ)**

**8) ചാരങ്കുളം വെണ്ടേക്കുംപൊട്ടി റോഡ് പുരോഗമനം 371/19.**

കരാറുകാരൻ: ശ്രീ ഷിജു തോമസ്

കരാർ: 18/15-16/13-7-15 (എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 0.03% കുറവ്)

കരാർ തുക: 867593.64 രൂപ

അളവ് പുസ്തകം: 99/15-16

പ്രവൃത്തിസ്ഥലം കൈമാറിയത്: 13-7-15

കരാർ കാലാവധി: 6 മാസം

പൂർത്തീകരിക്കേണ്ടതീയതി: 12-1-16

പൂർത്തീകരിച്ചതീയതി: 16-6-16(അളവ് പുസ്തകം പേജ് 11)

ചെലവ്: 868926 രൂപ (ബിൽ 22/18-19/18-7-18)

മൂല്യനിർണ്ണയം: (ടെണ്ടർ വ്യതിയാനത്തിന് ശേഷം): 868926

(-) നികുതികൾ: 52135

കരാറുകാരന്: 816791

ഈടാക്കേണ്ട പിഴ.

ആദ്യ തവണ PAC യുടെ 1% : 8675.93 രൂപ (minimum Rs.1000, Rs.maximum 50000)

(25% of 6 months = 45 ദിവസം, 13-1-16 to 26-2-16)

vii)മേൽ ക്രമനം.(1),(2) പ്രോജക്റ്റുകൾ പ്രകാരം 10 വർഷമെങ്കിലും കാലപ്പഴക്കമുള്ള ഭവനങ്ങളുള്ള ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകേണ്ടത്.എന്നാൽ ആയത് പാലിക്കാതെ നിരവധി പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | വീടിന്റെ കാലപ്പഴക്കം |
|---|---|---|
| 1 | നങ്ങ പുൽപ്പറ്റതാഴെത്തെ വീട്,ചോലാശ്ശേരി,നിലമ്പൂർ | 7 വർഷം |
| 2 | ബിന്ദു പുത്തൻപുരയിൽ,ചക്കാലക്കുത്ത്, നിലമ്പൂർ | 5 വർഷം |
| 3 | റുഖിയ മുടവൻപിലാക്കൽ ,പാടിക്കുന്ന് ,നിലമ്പൂർ | 5 വർഷം |
| 4 | രഘുനാഥൻ പാലക്കാപ്പറമ്പിൽ,അരുവാക്കോട്,നിലമ്പൂർ | കാലപ്പഴക്കം വ്യക്തമല്ല |
| 5 | കണാരൻ കൊളവണ്ണം,അരുവാക്കോട്,നിലമ്പൂർ | കാലപ്പഴക്കം വ്യക്തമല്ല (എല്ലാം ക്രമനം.(1) |

| | | |
|---|---|---|
| | | പ്രോജക്റ്റിലെ അപേക്ഷകർ) |
| 6 | വൽസല ചെറുതോടൻ,കല്ലേംപാടം,നിലമ്പൂർ | കാലപ്പഴക്കം വ്യക്തമല്ല |
| 7 | ശിവദാസൻ വൈങ്ങളൻ,ജവഹർകോളനി, ചന്തക്കുന്ന് | കാലപ്പഴക്കം വ്യക്തമല്ല |
| 8 | അമ്മിഷാജി തെക്കിനിശ്ശേരി,ജവഹർകോളനി, ചന്തക്കുന്ന് | 6വർഷം (എല്ലാം ക്രമനം.(2) പ്രോജക്റ്റിലെ അപേക്ഷകർ) |

വീടുകളുടെ കാലപ്പഴക്കം സംബന്ധിച്ച് മുനിസിപ്പൽ സെക്രട്ടറി/സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സാക്ഷ്യപത്രം ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 11 / 19.02.2020) മറുപടിയിൽ മുൻവർഷങ്ങളിൽ നിർവ്വഹണം നടത്തിയ രീതിയിൽ തന്നെയാണ് തൻവർഷവും നിർവ്വഹണം നടത്തിയിട്ടുള്ളത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിക്കേണ്ടതുമാണ്.

## 1-35 സൈഡ് വീൽഘടിപ്പിച്ച സ്ക്കൂട്ടർ (എസ് സി ) - പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം. 25/19

വിനിയോഗിച്ച തുക – 80,000 രൂപ

ബിൽ നം. 18/18-19/26.03.2019

നിർവ്വഹണം - ഐ സി ഡി എസ് സൂപ്പർവൈസർ

പദ്ധതി പ്രകാരം 80,000 രൂപ ശ്രീ. ജയനീഷ് പാപ്പാടൻ ,നല്ലംതണ്ണി, നിലമ്പൂർ (പി ഒ) എന്ന വ്യക്തിക്ക് സൈഡ് വീൽഘടിപ്പിച്ച സ്ക്കൂട്ടർ വാങ്ങി നൽകുന്നതിനു വേണ്ടി വിനിയോഗിച്ചിട്ടുണ്ട്.പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)പട്ടിക ജാതിക്കാരായ വ്യക്തികൾക്ക് സൈഡ് വീൽഘടിപ്പിച്ച സ്ക്കൂട്ടർ വാങ്ങി നൽകുന്നതിനു വേണ്ടിയുള്ളതാണ് പദ്ധതി. എസ് സി പി ഫണ്ടാണ് വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ ഗുണഭോക്താവ് പട്ടിക ജാതിക്കാരനാണോ എന്ന് രേഖകളിൽ വ്യക്തമല്ല.

2)സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ് )നം.22/2018/ത.സ്വ.ഭ.വ തീ. 14.02.2018 പ്രകാരം ഈ വാഹനം ഓടിക്കാൻ ലേണേഴ്സ് ലൈസൻസ് ഉള്ള വ്യക്തിക്കായിരിക്കണം ആനുകൂല്യം നൽകേണ്ടത്.എന്നാൽ ഗുണഭോക്താവിന് ലേണേഴ്സ് ലൈസൻസ് ലഭിക്കുന്നത് 10.10.2019 നാണ്.ആയതിനു മുൻപ് ആനുകൂല്യം നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

അപാകത പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (ഓഡിറ്റ് എൻക്വയറി നം. 9/18.02.2020)മറുപടി ലഭ്യമാക്കിയില്ല. ചെലവു തുക 80,000 രൂപ ഓഡിറ്റിൽ

തടസ്സം ചെയ്യുന്നു.

## 1-36 പി എം എ വൈ ഭവനപദ്ധതി - ഭവന നിർമ്മാണം ആരംഭിക്കുകയോ,തുക തിരികെ ഈടാക്കുകയോ ചെയ്തില്ല.

നഗരസഭയിൽ പി എം എ വൈ ഭവനപദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി ആദ്യ ഗഡു ധനസഹായം കൈപ്പറ്റിയ ശേഷം താഴെ പറയുന്ന ഗുണഭോക്താക്കൾ തുടർന്നുള്ള ഗഡുക്കൾ കൈപ്പറ്റുകയോ ഭവനനിർമ്മാണം പൂർത്തീകരിക്കകയോ, കൈപ്പറ്റിയ തുക തിരികെ അടവാക്കുകയോ ചെയ്തിട്ടില്ലെന്ന വസ്തുത രേഖകൾ പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടു.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക |
|---|---|---|
| 1 | രജനി ചെറുവട്ടൂർ ,പൊട്ടിപ്പാറ | 30,000 |
| 2 | അനശ്വര പുളിക്കൾക്കണ്ടി,കല്ലേമ്പാടം | 30,000 |
| 3 | നിഷാദ് മനച്ചിതൊടിക, മുതീരി | 30,000 |
| 4 | കുഞ്ഞൻ ആളൂർ,വരേടംപാടം | 30,000 |
| 5 | ഷാഹിദ കരിയാടൻ | 30,000 |
| 6 | അപ്പു നെല്ലുവായ്,അരുവാക്കോട് | 30,000 |
| 7 | ബിന്ദു കണ്ണംപറമ്പത്ത്,ചോലശ്ശേരിക്കുന്ന് | 30,000 |
| 8 | കാളി ,കൊനിച്ചി വീട് | 30,000 |
| 9 | റംലത്ത് കല്ലായി,ചാരംകുളം | 30,000 |
| 10 | ഖദീജ അറക്കൽ,ചാരംകുളം | 30,000 |
| 11 | സുഹ്റ കലങ്ങാടൻ,ലക്ഷം വീട് | 30,000 |

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/19.02.2020) ഭവനനിർമ്മാണം പുരോഗമിച്ചു വരുന്നു എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയത്. ഭവന നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാത്ത പക്ഷം മേൽ ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും,തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-37 പ്രളയബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയത് - അപാകതകൾ

പ്രോജക്റ്റ് നം. 415/19

പ്രളയബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം

വിനിയോഗിച്ച തുക – 2,30,000 രൂപ

ചെക്ക് നം. 798460/02.11.2018

നിർവ്വഹണം - ഹെൽത്ത് ഓഫീസർ

പദ്ധതി പ്രകാരം നിലമ്പൂർ നഗരസഭയിലെ പ്രളയബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ ശ്രീ. അനിൽബോസ് ,വാഴയിൽ ചന്തക്കുന്ന്,നിലമ്പൂർ എന്നയാൾക്ക് ലോഡ് ഒന്നിന് 2,500 രൂപ നിരക്കിൽ 92 ലോഡിന് 2,30,000 രൂപ നൽകിയിട്ടുണ്ട്.കൗൺസിലിന്റെ 26.09.18 ലെ 1-ാം നമ്പർ തീരുമാനപ്രകാരമാണ് തുക നൽകിയിട്ടുള്ളത്.പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1)ആദായ നികുതി നിയമത്തിലെ 194 (സി)വകുപ്പ് പ്രകാരം 1% ആദായ നികുതി കരാറുകാരനിൽ നിന്നും ഈടാക്കിയതിന്റെ വിവരം.

2)കാരാറുകാരനുമായി ഉടമ്പടിവെച്ചതിന്റെ വിവരം

3)വിവിധ വാർഡുകളിൽ എത്ര അളവിൽ കുടിവെള്ള വിതരണം നടത്തി എന്നതിന്റെ വിവരം, ആയത് പരിശോധിച്ച് ഉറപ്പാക്കിയതിന്റെ വിവരം.

4)കുടിവെള്ളം എവിടെ നിന്നും ശേഖരിച്ചുവെന്നതിന്റെയും, ആയത് കുടിയ്ക്കുവാൻ യോഗ്യമെന്ന് ഉറപ്പാക്കിയതിന്റെയും വിവരം.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 06/18.02.2020) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിയിൽ നിന്നുമുള്ള വെള്ളമാണ് ഉപയോഗിച്ചതെന്ന് വ്യക്തമാക്കി.ഒരു ട്രിപ്പിൽ 7,500 ലിറ്റർ വെള്ളമാണ് വിതരണം നടത്തിയിട്ടുള്ളതെന്നും ആദായ നികുതി ഈടാക്കുന്നതിന് പ്രളയസമയമായതിനാൽ കാരാറുകാരനുമായി ഉടമ്പടിവെച്ചിട്ടില്ലെന്നും അറിയിച്ചു. എന്നാൽ വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം വാങ്ങിയതിന്റെ രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയില്ല.ആയത് ലഭ്യമാക്കേണ്ടതും,കരാറുകാരനിൽ നിന്നും 1% ആദായ നികുതി (2300 രൂപ) ഈടാക്കി അടവാക്കിയതിന്റെയും വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-38 പ്രളയബാധിത പ്രദേശങ്ങളിലെ കിണറുകൾ വൃത്തിയാക്കൽ -അപാകതകൾ

പ്രോജക്റ്റ് നം. 414/19

പ്രളയബാധിത പ്രദേശങ്ങളിലെ കിണറുകൾ വൃത്തിയാക്കിയ വകയിലുള്ള തുക നൽകൽ

വിനിയോഗിച്ച തുക- 2,10,000 രൂപ (തനത്ഫണ്ട്)

ചെക്ക് നം. 798460 തീയ്യതി .02.11.2018

നിർവ്വഹണം - ഹെൽത്ത് ഓഫീസർ

പദ്ധതി പ്രകാരം പ്രളയബാധിത സമയത്ത് മലിനജലം കയറി മലിനമായ നിലമ്പൂർ നഗരസഭയിലെ 162 കിണറുകൾ പമ്പ് സെറ്റ് ഉപയോഗിച്ച് വൃത്തിയാക്കിയതിന് കിണർ ഒന്നിന് 1300 രൂപ നിരക്കിൽ പി ഡബ്ളിയു കോൺട്രാക്ടർ ശ്രീ. അനിൽബോസ് ,വാഴയിൽ,ചന്തക്കുന്ന് എന്നയാൾക്ക് 2,10,000 രൂപ നൽകിയിട്ടുണ്ട്. ആയത് സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1)വിവിധ വാർഡുകളിലായി വൃത്തിയാക്കിയ കിണറുകളുടെ ലിസ്റ്റ്

2)ആദായ നികുതി നിയമത്തിലെ 194(സി) വകുപ്പ് പ്രകാരം 1%ആദായ നികുതി പ്രസ്തുത തുകയിൽ നിന്നും (2100 രൂപ) ഈടാക്കിയതിന്റെ വിവരം

3) പ്രവൃത്തിയിൽ ലേബർ ഉൾപ്പെട്ടിട്ടുള്ളതിനാൽ 1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർഫണ്ട് ആക്റ്റ് പ്രകാരം 1% കേരള വർക്കേഴ്സ് വെൽഫെയർ ഫണ്ട് വിഹിതം അടവാക്കണം.ആയത് ഈടാക്കിയതിന്റെ വിവരം.

4) കരാറുകാരനുമായി ചമച്ച കരാർ.

അപാകതകൾ പരാമർശിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/18.02.2020) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ വിവിധ വാർഡുകളിലായി വൃത്തിയാക്കിയ കിണറുകളുടെ ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലെന്നറിയിച്ചു.ഗുണഭോക്താക്കളുടെ അപേക്ഷയും കൗൺസിലറുടെ സാക്ഷ്യപത്രവും ലഭ്യമാക്കി.പ്രളയസമയമായതിനാൽ കാരാറുകാരനുമായി ഉടമ്പടിവെച്ചിട്ടിലെന്നും അറിയിച്ചു. ആദായ നികുതിയും വെൽഫെയർ ഫണ്ട് വിഹിതവും കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചു.ആയവ ഈടാക്കി അടവാക്കിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-39 വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് - അപാകതകൾ

പ്രോജക്റ്റ് നം. 11/19

വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് പദ്ധതി

അടങ്കൽ തുക - 5,89,108 രൂപ

-1,00,000 രൂപ ( പ്ലാൻ ഫണ്ട് )

- 1,45,658( തനത് ഫണ്ട് )

- 2,06,188 (കേന്ദ്ര വിഹിതം)

- 1,37,262 (സംസ്ഥാന വിഹിതം)

വിനിയോഗിച്ച തുക –
1). 1,00,000 രൂപ ( പ്ലാൻ ഫണ്ട് )

ബിൽ നം.1/18-19/17.07.18 – 60,260 രൂപ

ബിൽ നം.2/18-19/17.07.18 – 14,450 രൂപ

ബിൽ നം.4/18-19/31.10.18 – 25,290രൂപ

2). 4,73,620 രൂപ (തനത് ഫണ്ട്)

(വൗച്ചർ നം. 218001023/15.12.2018 )
3).43,452രൂപ (ശുചിത്വ മിഷൻ ഫണ്ട്)(വൗച്ചർ നമ്പർ21801369/14-02-2019)
ആകെ 917072/-രൂപ

നിർവ്വഹണം - ഹെൽത്ത് ഓഫീസർ

ശാസ്ത്രീയമായ രീതിയിൽ ശുചിത്വമാലിന്യ സംസ്ക്കരണ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി കുടുംബശ്രീക്ക് കീഴിൽ ഒരു മൈക്രോ എന്റർപ്രൈസസ് യൂനിറ്റ് ആയി രജിസ്റ്റർ ചെയ്തിട്ടുള്ള 'ശുദ്ധി സോലൂഷ്യൻസ് 'എന്ന സ്ഥാപനം മുഖേന നഗരസഭയിലെ വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് നഗരസഭ നിശ്ചയിക്കുന്ന സ്ഥലത്ത് എത്തിക്കുക എന്ന ലക്ഷ്യം മുൻനിർത്തി,തെരഞ്ഞെടുത്ത സ്ഥാപനം സാമ്പത്തിക സുസ്ഥിരത കൈവരിക്കുന്നതുവരെ ഓരോ മാസവും സ്ഥാപനം

സമർപ്പിക്കുന്ന കണക്ക് പ്രകാരം വരവും ചെലവും തമ്മിലുള്ള അന്തരം നിർണ്ണയിച്ച് പങ്കാളിത്ത സ്ഥാപനത്തിന് നഷ്ടം വരുന്നപക്ഷം അത് നികത്തുന്നതിനായി സർക്കാർ ഉത്തരവ് പ്രകാരവും,01.09.2018 ന് ശുദ്ധി സൊലൂഷ്യൻസ് ഉം നിലമ്പൂർ നഗരസഭയും തമ്മിൽ ഒപ്പുവെച്ച കരാർ പ്രകാരവും ഗ്യാപ്പ് ഫണ്ട് ഓരോ മാസവും അനുവദിക്കുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.

നഗരസഭ ഹെൽത്ത് വിഭാഗത്തിന്റെ നിയന്ത്രണത്തിലും,മേൽനോട്ടത്തിലും പദ്ധതിയുടെ നടത്തിപ്പ് പൂർണ്ണമായും 'ശുദ്ധി സോലൂഷ്യൻസ് 'മുഖേനയാണ്. വീടുകളിൽ നിന്നും രണ്ടുമാസത്തിന് 60 രൂപ നിരക്കിലും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും 50 നിരക്കിലുമാണ് യൂസർഫീസ് പിരിച്ചെടുക്കുന്നത്.

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഹെൽത്ത് വിഭാഗം പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്ന രശീതി മുഖേന ഫീസ് പിരിച്ചെടുക്കുന്നതിന് പകരം 'ശുദ്ധി സോലൂഷ്യൻസ് ' സ്വയം അച്ചടിക്കുന്ന രശീതികൾ മുഖേനയാണ് യൂസർഫീസ് പിരിച്ചെടുക്കുന്നത്.എത്ര രശീതി ബുക്ക് അച്ചടിക്കുന്നുണ്ടെന്നത് സംബന്ധിച്ച് വ്യക്തതയില്ല. തൻമൂലം യൂസർഫീസ് കളക്ഷൻ സംബന്ധിച്ച് സ്ഥാപനം സമർപ്പിച്ച കണക്കിന്റെ ആധികാരികത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.സ്ഥാപനം സമർപ്പിക്കുന്ന കണക്ക് പ്രകാരം ഗ്യാപ്പ് ഫണ്ട് അനുവദിക്കുകയാണ് നിലവിൽ ചെയ്തുപോരുന്നത്.

2)പദ്ധതി സംബന്ധിച്ച് ശുചിത്വമിഷന്റെ 24.06.17 ലെ നം.2152/സി1/2016/എസ് എം സർക്കുലറിൽ ബിസിനസ് മാതൃകയിൽ അവർ നിയോഗിക്കുന്ന പ്രവർത്തകരുടെ വേതനമുൾപ്പെടെയുള്ള വിശദാംശങ്ങളും,ആറുമാസത്തേക്ക് ആകെ പ്രതീക്ഷിക്കുന്ന വരവു ചെലവുകളും സംബന്ധിച്ച രൂപരേഖ തയ്യാറാക്കി സമർപ്പിക്കണം. എന്നാൽ ആയത് ചെയ്തിട്ടില്ല.തൻമൂലം പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി എത്ര അംഗങ്ങൾ വേണം എന്നതു സംബന്ധിച്ച് വ്യക്തതയില്ല. ഇതുസംബന്ധിച്ച് സ്ഥാപനവുമായി ഉണ്ടാക്കിയ കരാറിലും വ്യവസ്ഥ ചെയ്തിട്ടില്ല.ആയതിനാൽ അംഗങ്ങളുടെ എണ്ണത്തിലും ഏറ്റകുറച്ചിലുകൾ പ്രകടമാണ്.ഏപ്രിൽ ,മെയ് മാസങ്ങളിൽ മൂന്ന് ഗ്രീൻസൂപ്പർവൈസർക്കും ഒരു കോ-ഓർഡിനേറ്റർക്കും പുറമെ രണ്ടു സ്റ്റാഫും,ജൂൺ,ജൂലൈ മാസങ്ങളിൽ മൂന്നുപേരും, ആഗസ്റ്റ്,സെപ്റ്റംബർ മാസങ്ങളിൽ 20 പേരും നവംബർ മുതൽ മാർച്ച് വരെ 10 പേരുമാണ് ഉണ്ടായിരുന്നത്.ഇവർക്ക് പുറമെ നവംബർ മുതൽ മാർച്ച് വരെ നാല് ഫീൽഡ് സ്റ്റാഫും ഉണ്ടായിരുന്നു. ആയത് പ്രവർത്തനചെലവ് ഉയരാൻ കാരണമായിട്ടുണ്ട്.സ്റ്റാഫിനെ നിശ്ചയിക്കുന്നതും ,അവർക്ക് (സൂപ്പർവൈസർമാർ ഉൾപ്പെടെ)വേതനം അനുവദിക്കുന്നതും എപ്രകാരമെന്ന് വ്യക്തമല്ല.

3)ഓരോ വാർഡിലും ഒരു ദിവസം എത്ര വീടുകളിൽ നിന്നും മാലിന്യ സംസ്ക്കരണം നടത്താമെന്നത് സംബന്ധിച്ചും ക്ലിപ്തതയില്ല. കരാറിലും ഇതു സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല.ഗൃഹസന്ദർശനത്തിന് കൂടുതൽ സമയമെടുക്കുന്നത് പ്രവർത്തനചെലവ് (വേതനം ഇനത്തിലും,വാഹന വാടക ഇനത്തിലും) ഉയരാൻ കാരണമായിട്ടുണ്ട്.

4)യൂസർഫീസ് കളക്ഷൻ വിവരങ്ങൾ പരിശോധിച്ചതിൽ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും വളരെ കുറഞ്ഞ തുക മാത്രമാണ് യൂസർഫീസായി ലഭ്യമാകുന്നുള്ളുവെന്ന് വ്യക്തമായി. അന്വേഷണത്തിൽ 10% ൽ താഴെ വ്യാപാര സ്ഥാപനങ്ങൾ മാത്രമാണ് പദ്ധതിയിൽ അംഗമായിട്ടുള്ളുവെന്ന് അറിവായി.അപാകതകൾക്ക് കാരണം വ്യക്തമല്ല.

5)പദ്ധതിക്കായി മേൽ പ്രകാരം അടങ്കൽ നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആയതിന് വിരുദ്ധമായി 4,73,620 രൂപ തനത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്.തുക താൽക്കാലികമായി തനത്ഫണ്ടിൽ നിന്നും അനുവദിച്ചതാണെന്ന് വ്യക്തമായി.തുക

തിരികെ തനത്ഫണ്ടിലേക്ക് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.കൂടാതെ വൗച്ചർ നം.21801369/14.02.19 പ്രകാരം 3,43,452 രൂപ ശുചിത്വമിഷൻ ഫണ്ട് പദ്ധതിക്കായി വിനിയോഗിച്ചതിന്റെ വിനിയോഗ വിവരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ പദ്ധതി അടങ്കൽ നിശ്ചയിച്ചതിൽ അധികരിച്ച് തുക ചെലവഴിച്ചിട്ടുണ്ട്. (അടങ്കൽ തുക 589108/-രൂപ, വിനിയോഗിച്ച തുക-917072/-രൂപ) എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. അധിത തുക ചെലവഴിച്ചതിന് കാരണം വ്യക്തമാക്കിയിട്ടുമില്ല.

6)പൊതുമാലിന്യ സംസ്ക്കരണ സംവിധാനത്തോട് ചേർന്ന് അജൈവമാലിന്യ സംഭരണ കേന്ദ്രവും, ഇനോകുലം ,വളം,അനുബന്ധസാധനങ്ങളും ശേഖരിക്കുന്നതിനും സൂക്ഷിക്കുന്നതിനും ആവശ്യമായ സ്ഥലും അനുബന്ധ സൗകര്യങ്ങളും തദ്ദേശ സ്വയം ഭരണസ്ഥാപനം ഒരുക്കുമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നിലവിൽ ഓഫീസ് ഒഴികെ സ്വന്തം ചെലവിൽ വാടകയ്ക്കെടുത്ത സ്ഥലത്താണ് ആയത് നടക്കുന്നത്. അപാകതകൾക്ക് കാരണം വ്യക്തമാക്കേണ്ടതാണ്.

7) ഹരിതകർമ്മ സേനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വീടുകളുടെയും ഓരോ വാർഡിലെയും യഥാർഥത്തിലുള്ള വീടുകളുടെയും വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം | രജിസ്റ്റർ ചെയ്ത വീടുകളുടെ എണ്ണം | യഥാർത്ഥവീടുകളുടെ എണ്ണം |
|---|---|---|
| 1 | 131 | 409 |
| 2 | 193 | 324 |
| 3 | 112 | 389 |
| 4 | 123 | 511 |
| 5 | 167 | 371 |
| 6 | 46 | 351 |
| 7 | 229 | 589 |
| 8 | 124 | 346 |
| 9 | 72 | 445 |
| 10 | 71 | 451 |
| 11 | 127 | 447 |
| 12 | 157 | 450 |
| 13 | 103 | 467 |
| 14 | 146 | 460 |
| 15 | 142 | 474 |
| 16 | 103 | 563 |
| 17 | 136 | 421 |
| 18 | 129 | 413 |
| 19 | 56 | 464 |
| 20 | 237 | 414 |
| 21 | 77 | 379 |
| 22 | 184 | 388 |
| 23 | 155 | 362 |
| 24 | 83 | 403 |

| | | |
|---|---|---|
| 25 | 123 | 496 |
| 26 | 104 | 434 |
| 27 | 142 | 398 |
| 28 | 209 | 411 |
| 29 | 115 | 401 |
| 30 | 75 | 216 |
| 31 | 51 | 393 |
| 32 | 56 | 384 |
| 33 | 42 | 441 |
| **ആകെ** | **4020** | **13,865** |

മൊത്തം വീടുകളിൽ മൂന്നിലൊന്ന് വീടുകൾ മാത്രമാണ് നിലവിൽ ഹരിതകർമ്മ സേനയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. വ്യാപാരസ്ഥാപനങ്ങൾ എത്രയെണ്ണം ഉൾപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമല്ല.

ബിസിനസ് മാതൃകയിൽ മുഴുവൻ ജനങ്ങളുടെയും കൗൺസിൽ അംഗങ്ങളുടെയും പൂർണ്ണസഹകരണത്തോടെ മാത്രമെ ഇത്തരത്തിലൊരു പദ്ധതി വിജയത്തിലെത്തുകയൊള്ളു. പ്രശ്നങ്ങൾ അപ്പപ്പോൾ പരിഹരിക്കാനുള്ള സ്ഥിരം സംവിധാനം ഇതിന്റെ വിജയത്തിന് അത്യന്ത്യാപേക്ഷിതമാണ്.തദ്ദേശ ഭരണസ്ഥാപനങ്ങൾ പ്രഥമപരിഗണന നൽകേണ്ട ഇത്തരം സംരംഭങ്ങൾ വിജയത്തിലെത്തേണ്ടത് നാടിന്റെ ആവശ്യമാണ്. അപാകതകൾ പരിഹരിച്ച് വരവു ചെലവുകളിലെ അന്തരം ചുരുക്കി പദ്ധതി വിജയത്തിലെത്തിക്കുവാൻ യത്നിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 8/18.02.2020)

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുളള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വസ്തു നികുതി ബാക്ക് അസസ്മെന്റ് നടത്തിയില്ല- 164396/- രൂപയുടെ നഷ്ടം.

ശ്രീ. നാരായണൻ, ശ്രീമതി ലകായിൽ ഗീത, തിക്കോടിയിൽ വീട്, നിലമ്പൂർ എന്നിവരുടെ ഉടമസ്ഥതയിലുള്ളതും, നിലമ്പൂർ വില്ലേജ് റി സർവ്വേ നമ്പർ 186/2 -ൽ ഉൾപ്പെട്ടതുമായ 0.1400 ഹെക്ടർ സ്ഥലത്ത് 1717.12 ച.മീറ്റർ വിസ്തീർണ്ണത്തിൽ ബഹു നില വാണിജ്യ കെട്ടിടം [GF, FF,SF] നിർമ്മിക്കുന്നതിന് 12.06.2015- ലെ E2/BA/18176/2015 പ്രകാരം പെർമിറ്റ് നൽകിയിരുന്നു. നിലമ്പൂർ വില്ലേജ് ഓഫീസർക്ക് ലഭിച്ച പരാതിയെ തുടർന്ന്, വില്ലേജ് രേഖകൾ പ്രകാരം പ്രസ്തുത നിർമ്മാണം നടക്കുന്ന ഭൂമി, നിലം [wet land] വിഭാഗത്തിൽപ്പെട്ടതാണെന്നു്, വില്ലേജ് ഓഫീസർ 25.01.2016-ലെ 13/2016 കത്ത് പ്രകാരം സെക്രട്ടറിക്ക് റിപ്പോർട്ട് നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ 03.02.2016-ലെ E2/4517/2015 സ്റ്റോപ്പ് മെമ്മോ പ്രകാരം നിർമ്മാണങ്ങൾ നിർത്തിവെക്കുന്നതിന് സെക്രട്ടറി നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് കക്ഷികൾ ഭൂമി തരം മാറ്റി നൽകുന്നതിന്ന് നൽകിയ അപേക്ഷയുടെയും, ബഹു. ഹൈക്കോടതിയിൽ നൽകിയ കേസിന്റെ

വിധിന്യായത്തിന്റെയും [WP(C)8619/16 തിയ്യതി 30.03.2016] അടിസ്ഥാനത്തിൽ, കക്ഷികൾ അനധികൃതമായി പരിവർത്തനപ്പെടുത്തിയിട്ടുള്ള ഭൂമിക്ക് അനുമതി, അന്തിമ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നതിന് വിധേയമായി നൽകുന്നതാണെന്ന് ബഹു. ജില്ലാ കലക്ടറുടെ 02.10.2016-ലെ B2/32160/16 നടപടിക്രമം പ്രകാരം ഉത്തരവായിട്ടുണ്ട്.

പൂർത്തീകരിച്ച നിർമ്മാണത്തിന് [Partial Completion] കെട്ടിട നമ്പർ ലഭിക്കുന്നതിന് 22.12.2016-ലെ 19364/2016 നമ്പർ പ്രകാരം കക്ഷി അപേക്ഷ നൽകിയിട്ടുണ്ട്. കെട്ടിട ഉടമ, രജിസ്റ്റേർഡ് എൻജിനീയർ എന്നിവരുടെ സാക്ഷ്യപത്രം [യഥാക്രമം APPENDIX-E, APPENDIX-F] പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് [date of completion] 01.12.2016 ആണ്. സൈറ്റ് പരിശോധന നടത്തിയ ഓവർസിയർ, എൻജിനീയർ എന്നിവർ 1174.99 ച.മീറ്ററിൽ ഗ്രൗണ്ട്, ഒന്ന് നിലകളുടെ നിർമ്മാണം KMBR ന് വിധേയമായി പൂർത്തീകരിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് [കുറിപ്പ് ഫയൽ തിയ്യതി 23.02.2017]. ബഹു ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ [WP(C)8724/17 തിയ്യതി 01.11.2018] അടിസ്ഥാനത്തിൽ മേൽ കെട്ടിടത്തിന് ഒക്യുപൻസി സർട്ടിഫിക്കറ്റ് [E2/45117/2015 തിയ്യതി 29.12.2018 – Completed Area -1174.99 m2] നൽകി, 31/635 S1 മുതൽ 31/635 S49 വരെയുള്ള നമ്പറുകൾ അനുവദിക്കുകയും, 2016-17 രണ്ടാം അർദ്ധ വർഷം മുതൽ വസ്തു നികുതി ചുമത്തിയെങ്കിലും, കക്ഷി നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ, 2018-19 രണ്ടാം അർദ്ധ വർഷം മുതലാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത്.

ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിച്ചത് 29.12.2018 -നാണെന്നും ആയതിനാൽ വസ്തു നികുതി 2018-19 രണ്ടാം അർദ്ധ വർഷം മുതൽ മാത്രം അടവാക്കുന്നതിന് അനുമതി നൽകണമെന്നും കക്ഷികൾ 16.03.2019-ന് അപേക്ഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽ ഒക്യുപൻസി സർട്ടിഫിക്കറ്റിലെ പൂർത്തീകരണ തിയ്യതി 01.12.2016 എന്നത് 29.12.2018 എന്ന് തിരുത്തി നൽകുകയും, 2018-19 രണ്ടാം അർദ്ധ വർഷം മുതൽ വസ്തു നികുതി പുനർ നിർണ്ണയിക്കുകയും [അസസ്മെന്റ് തിയ്യതി.31.03.2019] ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണം 01.12.2016 -ന് പൂർത്തീകരിച്ചിട്ടുള്ളതിനാൽ ആയത് തിരുത്തി 29.12.2018 എന്നാക്കി 2018-19 രണ്ടാം അർദ്ധ വർഷം മുതൽ വസ്തു നികുതി പുനർ നിർണ്ണയിച്ചത് ക്രമ പ്രകാരമല്ല. കൂടാതെ അസി എൻജിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒക്യുപൻസി സർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്തുന്നു എന്നാണ് സെക്രട്ടറി കുറിപ്പ് ഫയൽ എഴുതിയിട്ടുള്ളത്. എന്നാൽ ഒക്യുപൻസി സർട്ടിഫിക്കറ്റിൽ തിരുത്തൽ വരുത്താവുന്നതാണെന്ന് അസി എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടില്ല, പകരം 01.12.2016-ന് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത് [കുറിപ്പ് ഫയലിന്റെ പകർപ്പ് ഓഡിറ്റ് തെളിവുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്].

മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ -ചട്ടം 24 എന്നിവ പ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയോ, ഉപയോഗിക്കുകയോ, ഇതിലേതാണ് ആദ്യം സംഭവിക്കുന്നത് ആ അർദ്ധ വർഷം മുതൽ വസ്തു നികുതി ഈടാക്കേണ്ടതാണ്. പരാമർശം 1ലെ APPENDIX-E, APPENDIX-F, ഓവർസിയർ, എൻജിനീയർ എന്നിവരുടെ സാക്ഷ്യപത്രം/ റിപ്പോർട്ട് പ്രകാരം നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളത് [date of completion] 01.12.2016-ന് ആണ്. ആയതിനാൽ 2016-17 രണ്ടാം അർദ്ധ വർഷം മുതൽ വസ്തു നികുതി ഈടാക്കേണ്ടതാണ്.

ഭൂമിയുടെ തരം മാറ്റൽ സംബന്ധിച്ച കേസ്/ നടപടി ക്രമങ്ങൾ മൂലമാണ് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി ആക്ട് 1994- സെക്ഷൻ 242, മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ -ചട്ടം 20, 24 എന്നിവ പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് U/A നം. നൽകി പൂർത്തീകരണ തിയ്യതി മുതൽ 3 ഇരട്ടി വസ്തു നികുതി ഈടാക്കണമെന്നിരിക്കെ, മേൽ കെട്ടിടത്തിന് നിർമ്മാണം അനധികൃതമായിരുന്നെങ്കിൽ

പോലും [ഒക്യുപൻസി സർട്ടിഫിക്കറ്റ് അനുവദിക്കാതെ] പൂർത്തീകരണ തിയ്യതി മുതൽ വസ്തു നികുതി ഈടാക്കാത്തത് വീഴ്ച്ചയാണ്.

പ്രസ്തുത കെട്ടിടത്തിന് [കെട്ടിട നമ്പർ 31/635/S1 മുതൽ 31/635/S49 വരെ] വാർഷിക വസ്തു നികുതി ചുമത്തിയത് 82198/- രൂപയാണ്. 2016-17 രണ്ടാം അർദ്ധ വർഷം മുതൽ 2018-19രണ്ടാം അർദ്ധ വർഷം വരെ വസ്തു നികുതി ഈടാക്കാത്തത് മൂലം വസ്തു നികുതി ഇനത്തിൽ 164396/- രൂപയുടെ [82198*2] നഷ്ടം നഗരസഭക്കുണ്ടായിട്ടുണ്ട്. മേൽ തുകയും, ആയതിന്റെ ലൈബ്രറി സെസ്സും [5%], സർവ്വീസ് ചാർജും [10%] കക്ഷിയിൽ നിന്നോ ഉത്തരവാദിയായ വ്യക്തികളിൽ നിന്നോ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

*[മേൽ പരാമർശം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/20.02.2020) ലഭ്യമാക്കിയ മറുപടിയിൽ വസ്തു നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്]*

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഡ്രയിനേജ് സൈഡ് കോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു- നഷ്ടം 184327/-രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

2018-19 വർഷത്തിൽ നഗരസഭ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഡ്രയിനേജ് സൈഡ് കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 4.3.2 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തി പ്ലിന്ത് ലെവൽ വരെ മാത്രമുള്ളതായതിനാൽ DSR Code 4.3.1 പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളു. ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം വന്ന അധിക ചെലവിന്റെ വിശദാംശംചുവടെചേർക്കുന്നു.

1) **KSRTC അരുവാക്കോട് റോഡ് പുരോഗമനം 357/19**

കരാറുകാരൻ: അൻവർ സാദത്ത്

കരാർ: 10/15-16/13-7-15 (എസ്റ്റി.നിരക്ക്)

അളവ് പുസ്തകം: 98/15-16

മൂല്യനിർണ്ണയം- 1236975 രൂപ(ട്രഷറി ബിൽ നംപർ 27/18-19/18-7-18)

(-) നികുതി. 74219

കരാറുകാരന് -1162756 രൂപ

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2014) 4.3.1 @30.48 cost index | അനുവദിച്ചത് DSR (2014)4.3.2 @30.48 cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് | 234.99$M^2$ | 256.33/M2 | 470.78/$M^2$ | 50394രൂപ |

| | | | | |
|---|---|---|---|---|
| സൈഡ്വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം(7) | | നിരക്കിൽ = 60234.98 | നിരക്കിൽ =110628.59 | |

**2) ചെറുവത്ത് ഒന്ന് ഹൈസ്കൂൾ റോഡ് പുരോഗമനം 364/19**

കരാറുകാരൻ: സാജു ജോസഫ്

കരാർ: 43/15-16/19-9-15 (0.01% belowഎസ്റ്റി.നിരക്ക്)

അളവ് പുസ്തകം: 165/15-16

മൂല്യനിർണ്ണയം- 746038.77

(-)0.01% below 74.60

ബാക്കി -745964 രൂപ(ട്രഷറി ബിൽ നംപർ 45/18-19/31-7-18)

(-) നികുതി. 44759

കരാറുകാരന്- 701205രൂപ

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2014) 4.3.1 @30.48 cost index | അനുവദിച്ചത് DSR (2014)4.3.2 @30.48 cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം(4) | 93.91$M^2$ | 256.33/M2 നിരക്കിൽ = 24071.95 | 470.80/$M^2$ നിരക്കിൽ =44212.82 | 20139രൂപ (20140.87-0.01%) |

**3) CNG പാലസ് റോഡ് പുരോഗമനം 364/19**

കരാറുകാരൻ: പി എം ഖാലിദ്

കരാർ: 14/15-16/13-7-15 (11.01% below എസ്റ്റി.നിരക്ക്)

അളവ് പുസ്തകം: 152/16-17

മൂല്യനിർണ്ണയം- 579454.99

(-)11.01% below 63797.99

ബാക്കി- 515657 രൂപ(ട്രഷറി ബിൽ നംപർ 44/18-19/31-7-18)

(-) നികുതി. 30940

കരാറുകാരന് -484717രൂപ

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് | ചെയ്ത | അനുവദിക്കാവുന്നത് | അനുവദിച്ചത് | അധികം |
|---|---|---|---|---|

| ഇനം | അളവ് | DSR(2014) 4.3.1 @30.48 cost index | DSR (2014)4.3.2 @30.48 cost index | |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം(4) | 156.00$M^2$ | 256.33/M2 നിരക്കിൽ = 39987.48 | 470.80/$M^2$ നിരക്കിൽ =73444.80 | 29774രൂപ (33457.32-11.01%) |

**4) LIC വീട്ടിക്കുത്ത് റോഡ് പുരോഗമനം 281/19**

കരാറുകാരൻ: അനിൽ റോസ്

കരാർ: 54/17-18/31-10-17 (എസ്റ്റി.നിരക്ക്)

അളവ് പുസ്തകം: 68/17-18

മൂല്യനിർണ്ണയം- 701801 രൂപ(ട്രഷറി ബിൽ നംപർ 41/18-19/31-5-18)

(-) നികുതി. 14036

കരാറുകാരന് -687765രൂപ

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2016) 4.3.1 @40.20% cost index | അനുവദിച്ചത് DSR (2016)4.3.2 @40.20% cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം(7) | 123.96$M^2$ | 271.92/M2 നിരക്കിൽ = 33707.20 | 530.00/$M^2$ നിരക്കിൽ =65698.80 | 31992രൂപ |

**5) മുതലക്കുഴി റോഡ് ഡ്രൈനേജ് നിർമ്മാണം- 255/19**

കരാറുകാരൻ: ദിനീഷ്

കരാർ: 26/17-18/19-10-17 (എസ്റ്റി.നിരക്ക്)

അളവ് പുസ്തകം: 94/17-18

മൂല്യനിർണ്ണയം- 300000 രൂപ(ട്രഷറി ബിൽ നംപർ 5/18-19/31-5-18)

(-) നികുതി. 6000

കരാറുകാരന്-294000രൂപ

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2016) 4.3.1 @40.20% | അനുവദിച്ചത് DSR (2016)4.3.2 | അധികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | cost index | @40.20% cost index | |
| ഡ്രൈനേജ് സൈഡ്‌വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം(4) | 100.8M$^2$ | 271.92/M2 നിരക്കിൽ = 27409.53 | 530.80/M$^2$ നിരക്കിൽ =53504.64 | 26095രൂപ |

**6) മയ്യന്താണി റോഡ് ഡ്രൈനേജ് നിർമാണം 294/19**

കരാറുകാരൻ: പി വി മുഹമ്മതാലി

കരാർ: 46/17-18/19-10-17 (എസ്റ്റി.നിരക്ക്)

അളവ് പുസ്തകം: 67/17-18

മൂല്യനിർണ്ണയം- 300000 രൂപ(ട്രഷറി ബിൽ നംപർ 5/18-19/31-5-18)

(-) നികുതി. 6000

കരാറുകാരന് -294000രൂപ

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2016) 4.3.1 @40.20% cost index | അനുവദിച്ചത് DSR (2016)4.3.2 @40.20% cost index | അധികം |
|---|---|---|---|---|
| ഡ്രൈനേജ് സൈഡ്‌വാൾ കോൺക്രീറ്റിന് ഫോം വർക്ക് (എസ്റ്റിമേറ്റ് ഇനം(5) | 100.8M$^2$ | 271.92/M2 നിരക്കിൽ = 27409.53 | 530.80/M$^2$ =53504.64 | 26095രൂപ |

ഉയർന്ന നിരക്ക് അനുവദിച്ചതിനും 184489/-രൂപ (50394+20139+29774+31992+26095+26095) അധികച്ചെലവ് വരുത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 16/22-2-2020 നംപർ ഓഡിറ്റ് എൻകയറിക്ക് മേൽ പ്രവത്തി 2015-16 ൽ TS ലഭിച്ചതാണെന്നും DSR 2014 ൽ ആയതിന് പ്രത്യേക നിരക്ക് അനുവദിച്ചിരുന്നില്ലെന്നും ഡ്രൈനേജ് വാൾ റോഡിന്റെ റിട്ടെയ്നിംഗ് വാൾ ആയിട്ടാണ് പ്രവൃത്തിക്കുന്നതെന്നും നിലവിൽ ഇപ്രകാരം നിരക്ക് നൽകുന്നില്ല എന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. എന്നാൽ DSR 2014 ൽ ആയതിന് പ്രത്യേക നിരക്ക് ഉള്ളതിനാലും പ്ളിന്ത് ലെവൽ വരെയുള്ള ഫോം വർക്കിന് നൽകിയ തുകയായതിനാലും മേൽ മറുപടി സ്വീകാര്യമല്ല. ആയതിനാൽ മേൽ തുക അതാത് കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 TOP BELTകോൺക്രീറ്റിനുള്ള ഫോം വർക്കിന് അധികനിരക്ക് അനുവദിച്ചു.നഷ്ടം 15720/-രൂപ.

നിർവ്വഹണോദ്യോഗസ്ഥൻ: മുനിസിപ്പൽ എഞ്ചിനീയർ

2018-19 വർഷത്തിൽ നഗരസഭ നടപ്പാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളിൽ സംരക്ഷണഭിത്തിയുടെ top belt
കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തിക്ക് DSR Code 4.3.2 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. യഥാർത്ഥത്തിൽ ഈ ഇനം പ്രവൃത്തിക്ക് DSR Code 5.9.1പ്രകാരമുള്ള നിരക്കിന് മാത്രമേ അർഹതയുള്ളു. നഗരസഭ നടപ്പാക്കിയ ഇത്തരത്തിലുള്ള മിക്ക പ്രവൃത്തികൾക്കും DSR Code 5.9.1പ്രകാരമുള്ള നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് DSR Code 4.3.2 പ്രകാരമുള്ള ഉയർന്ന നിരക്ക് നൽകിയതായി കാണുന്നു. ഉയർന്ന നിരക്ക് അനുവദിച്ചതു മൂലം വന്ന അധിക ചെലവിന്റെ വിശദാംശംചുവടെചേർക്കുന്നു.

1) **ചാലിപ്പരത റോഡ് പുനരുദ്ധാരണം 31/15-16,382/19**

കരാറുകാരൻ: ഷിജു തോമസ്

കരാർ: 29/15-16/4-8-15 (2.61%below)

അളവ് പുസ്തകം: 166/15-16

മൂല്യനിർണ്ണയം- 1410523

(-)2.6% below -36674 (യഥാർത്ഥത്തിൽ കുറവ് ചെയ്യേണ്ടത് 36667/-)

ബാക്കി- 1373849 രൂപ(ട്രഷറി ബിൽ നംപർ 28/18-19/20-7-18)

(-) നികുതി. 82430

കരാറുകാരന്- 1291419രൂപ

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2014) 5.9..1 @30.48 cost index | അനുവദിച്ചത് DSR (2014)4.3.2 @30.48 cost index | അധികം |
|---|---|---|---|---|
| സംരക്ഷണഭിത്തിയുടെ top belt കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തി(എസ്റ്റിമേറ്റ് ഇനം(3) (സംരക്ഷണഭിത്തിയുടെ ഉയരം 0.60 മീറ്റർ) | 31.39$M^2$ | 256.35/M2 നിരക്കിൽ = 8046.82 | 470.80/$M^2$ നിരക്കിൽ =14778.41 | 6557 രൂപ (6731.59-2.6%) |

**2) ജവഹർ കോളനി ശ്മശാനം റോഡ് പുരോഗമനം 376/19**

കരാറുകാരൻ: മുഹമ്മത് താരീഖ്

കരാർ: 7/15-16/10-7-15 (3.90%below)

അളവ് പുസ്തകം: 176/15-16

മൂല്യനിർണ്ണയം- 1500000

(-)3.90% below 58500

ബാക്കി -1441500 രൂപ(ട്രഷറി ബിൽ നംപർ 40/18-19/31-7-18)

(-) നികുതി. 86490

കരാറുകാരന്- 1355010രൂപ
വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2014) 5.9..1 @30.48 cost index | അനുവദിച്ചത് DSR (2014)4.3.2 @30.48 cost index | അധികം |
|---|---|---|---|---|
| സംരക്ഷണഭിത്തിയുടെ top belt കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തി(എസ്റ്റിമേറ്റ് ഇനം(3) (സംരക്ഷണഭിത്തിയുടെ ഉയരം 0.50 മീറ്റർ) | $21.00M^2$ | 256.35/M2 നിരക്കിൽ = 5383.35 | $470.80/M^2$ നിരക്കിൽ =9886.80 | 4328 രൂപ (4503.45-3.9%) |

**3)VIP റോഡ് പുരോഗമനം 367/19**

കരാറുകാരൻ: P K ഹുസ്സൈൻ

കരാർ: 28/15-16/20-7-15 (0.02%belowER)

അളവ് പുസ്തകം: 12/16-17

മൂല്യനിർണ്ണയം- 1292842.19

(-)0.02% below 258.57

ബാക്കി -1292584 രൂപ(ട്രഷറി ബിൽ നംപർ 34/18-19/19-7-18)

(-) നികുതി. 77555

കരാറുകാരന് -1215029രൂപ

വിശദവിവരം ചുവടെ ചേർക്കുന്നു

| എസ്റ്റിമേറ്റ് ഇനം | ചെയ്ത അളവ് | അനുവദിക്കാവുന്നത് DSR(2014) 5.9..1 @30.48 cost index | അനുവദിച്ചത് DSR (2014)4.3.2 @30.48 cost index | അധികം |
|---|---|---|---|---|
| സംരക്ഷണഭിത്തിയുടെ top belt കോൺക്രീറ്റിനുള്ള സെന്ററിംഗ് പ്രവൃത്തി(എസ്റ്റിമേറ്റ് ഇനം(3) | $22.55M^2$ | 256.35/M2 നിരക്കിൽ = 5780.69 | $470.80/M^2$ നിരക്കിൽ =10616.54 | 4835 രൂപ (4835.85-0.02%) |

| | | | | |
|---|---|---|---|---|
| (സംരക്ഷണഭിത്തിയുടെ ഉയരം 0.90 മീറ്റർ) | | | | |

ഉയർന്ന നിരക്ക് അനുവദിച്ചതിനും 15720/-രൂപ (6557+4328+4835) അധികച്ചെലവ് വരുത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 19/22-2020 നംപർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ, മേൽ പ്രവൃത്തികൾ 11-5-2015 ന് TS ലഭിച്ച പ്രവൃത്തികളാണെന്നും മേൽ തുക ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 15720 രൂപ ഈടാക്കി അക്കാര്യം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 19.08.19 മുതൽ 20.08.2019 വരെ | കെ എസ് എ .എം പി എം21/1901/19 തി. 24.08.19 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം -2018-19

ഇല്ല

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ (ജനറൽ) | 36/18-19/13.02.19 | 55,00,000 | 0 | 55,00,000 |
| | പൈപ്പ് ലൈൻ നീട്ടൽ(എസ് സി ) | 05/18-19/14.05.18 | 13,99,000 | 0 | 13,99,000 |
| കെ എസ് ഇ ബി | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ | ചെക്ക് നം. 871038/14.05.18 | 1,72,692 | 0 | 1,72,692 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് (മുതൽ / പലിശ ) | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| 2 | ഇ എം എസ് ഭവനപദ്ധതി - മലപ്പുറം ജില്ലാ സഹകരണബാങ്ക് നിലമ്പൂർ ബ്രാഞ്ച് | ലഭ്യമല്ല | 60,00,000 | 18,00,000 | 6,00,000 + 8,21,748(പലിശ) | 12,00,000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,00,100രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2-3 | 1,00,000 | പ്രമോദ് ടി എ ,അജേഷ് , സെക്രട്ടറിമാർ | 118200112467/10.01.19 |
| 2017-18 | | 100 | ശശികുമാർ വി | 118200110656/21.11.18 |
| | **ആകെ** | **1,00,100** | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 44,45 | 2001-02 | …..... | മരാമത്ത്- | നടപടി |

| | | | | | |
|---|---|---|---|---|---|
| | | | | അധികചെലവ് | തുടരുന്നു. |
| 2007-08 | 3-13 | 2010-11 | ……. | മുൻകൂർ ക്രമീകരിച്ചില്ല | നടപടി തുടരുന്നു. |
| | | 2012-13 | ……. | ഖരമാലിന്യ പരിപാലനം, പ്രവർത്തനാവലോകന റിപ്പോർട്ട് | നടപടി തുടരുന്നു. |
| 2012-13 | 3-1<br>3-2 | 2012-13 | …….. | 1)നിഷ്ക്രിയ ആസ്തികൾ<br>2)മണൽ വാരൽ | നടപടി തുടരുന്നു. |
| 2013-14, 2014-15 | 2(3) | 2016-17 | ലഭ്യമല്ല | ലഭ്യമല്ല | |
| 2015-16 | 2(8) | 2016-17 | ലഭ്യമല്ല | ലഭ്യമല്ല | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർചാർജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പർ/ തീയതി | തുക | |
| 1 | 1999-00 | 58 (70, (7), (9) | എം.വി മഹിധരൻ, സെക്രട്ടറി | LF.12622/ സ്പെ.സെൽ/ എസ്.സി 5/05/23.12.18/ 01.01.09 | 34,600 | Disposed on |
| 2 | 1998-99 | 48(1), (2), 49, 50(16), 65, 76, 77, 81, 85(p), 89(1), 90 (2), (3), 91(1),(3), (4) | എം.വി മഹിധരൻ, സെക്രട്ടറി | LF.11513/ സ്പെ.സെൽ/ എസ് സി 5/04/ 25.09.06/ 01.03.07 | 282674 | Disposed on 31-08-2015 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : | 27,03,56,025 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 22,95,89,545 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 164396/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2,00,209 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5782588 |

### (ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 164396/- | | ശ്രീ.ആകാശ് എം എസ് ,സെക്രട്ടറി |
| 3-1 | | 184489 | ശ്രീ. മുഹമ്മദാലി ,മുനിസിപ്പൽ എഞ്ചിനീയർ |
| 3-2 | | 15720 | ശ്രീ. മുഹമ്മദാലി ,മുനിസിപ്പൽ എഞ്ചിനീയർ |
| **ആകെ** | **164396** | **2,00,209** | |

### <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 75743 | ശ്രീ.ആകാശ് എം എസ് ,സെക്രട്ടറി |
| 1-27 | 126845 | ശ്രീ. മുഹമ്മദാലി പി, അസി. എഞ്ചിനിയർ |
| 1-31 | 55,00,000 | ശ്രീ.ആകാശ് എം എസ് ,സെക്രട്ടറി |
| 1-35 | 80,000 | ശ്രീമതി. ഷഹാനാസ് ബീഗം ,ഐ സി ഡി എസ് സൂപ്പർവൈസർ |
| | **57,82,588** | |

### (സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

### (ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ആകാശ് എം എസ് ,സെക്രട്ടറി | സെക്രട്ടറി ,മുനിസിപ്പൽ ഓഫീസ്,നിലമ്പൂർ | മാങ്കീഴയിൽ വീട്,പുലിക്കുട്ടിശ്ശേരി ,കോട്ടയം ജില്ല<br>പിൻ -686015 |
| ശ്രീ. മുഹമ്മദാലി , മുനിസിപ്പൽ എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ,മലപ്പുറം ജില്ലാപഞ്ചായത്ത് | പരുത്തികുന്നൻ വീട്,<br>രാമംകുത്ത് (പി ഒ),നിലമ്പൂർ<br>മലപ്പുറം ജില്ല<br>പിൻ -679334 |
| | | |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-01 | എൽ.എഫ്.എം.21/977/2010 തി.10.01.2011 | 7 | |
| 2001-02 | എൽ.എഫ്.എം.21/977/2010 തി.10.01.2011 | 6 | |
| 2002-03 | എൽ.എഫ്.എം.21/979/2010 തി.12.01.2011 | 7 | |
| 2003-04 | എൽ.എഫ്.എം.21/942/2010 തി.14.01.2011 | 16 | |
| 2004-05 | എൽ.എഫ്.എം.21/21-5/917/2008 തി.17.02.11 | 22 | |
| 2005-06 | എൽ.എഫ്.എം.21/978/2009തി.03.05.2011 | 10 | |
| 2006-07 | എൽ.എഫ്.എം.21/21-5/799/2009 തി.03.06.2011 | 13 | |
| 2007-08 | എൽ.എഫ്.എം.21/21-5/799/2009തി.03.06.2011 | 25 | |
| 2008-09 | എൽ.എഫ്.എം.21/67/2012 തി.21.02.2012 | 23 | |
| 2009-10 | എൽ.എഫ്.എം.21/68/2012 തി.21.02.2012 | 33 | |
| 2010-11 | എൽ.എഫ്.എം.21/19/2013 തി.08.02.2013 | 48 | |

| | | | |
|---|---|---|---|
| 2011-12 | | | |
| 2012-13 | എൽ.എഫ്.എം.21/3306/2014 തി.14.01.2015 | 39 | |
| 2013-14<br>2014-15 | എൽ.എഫ്.എം.21/314/2016 തി.27.05.2016 | 44 | |
| 2015-16 | കെ.എസ്.എ.എം.പിഎം21/ 2742/2016 തി. 02.02.2017 | 47 | |
| 2016-17 | കെ.എസ്.എ.എം.പിഎം21/ 2385/2017 തി. 24.11.2017 | 48 | |
| 2017-18 | കെ.എസ്.എ.എം.പിഎം21/ 2824/2018 തി. 17.01.2019/19.02.19 | 30 | |

സീനിയർ ഡെപ്യൂട്ടിഡയറക്ടർ

## ANNEXURE-1 ഓഡിറ്റ് സാക്ഷ്യപത്രം

**കെ.എസ്.എ.എം.പി.എം.21/1901/2019**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.**

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: 24/08/2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള നഗരപാലിക നിയമത്തിലെ 295(4)-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ നിലമ്പൂർ നഗരസഭയുടെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നിലമ്പൂർ നഗരസഭയുടെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.